# പുനർജന്മസങ്കല്പവും പരലോകവിശ്വാസം

ശൈഖ് മുഹമ്മദ് കാരകുന്ന്

പ്രസാധനം
ഡയലോഗ് സെന്റർ, കേരള

വിതരണം
ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

# പുനർജന്മസങ്കൽപവും പരലോക വിശ്വാസവും

ദൈവോപ്രോക്തമായ മതം എന്നും എവിടെയും ഏകദൈവാരാധനയിലും പരലോകവിശ്വാസത്തിലും അധിഷ്ഠിതമാണ്. വിഗ്രഹാരാധനയും പുനർജന്മസങ്കൽപവും അതിൽനിന്നുള്ള വ്യതിയാനമാണ്. എന്നാൽ, പുനർജന്മവാദക്കാർ ഇതംഗീകരിക്കുന്നില്ല. പുനർജന്മ സങ്കൽപമായിരുന്നു അതിപുരാതനമെന്നും പരലോകവിശ്വാസം യേശുവിനു ശേഷമാണ് സെമിസ്റ്റിക് മതങ്ങൾ അംഗീകരിച്ചതെന്നുമാണ് അവർ അവകാശപ്പെടുന്നത്. പുനർജന്മസങ്കൽപത്തെ ന്യായീകരിച്ചും ഇതര മരണാനന്തര വിശ്വാസങ്ങളെ വിമർശിച്ചും എഴുതപ്പെട്ട ഒരു കൃതിയിലാണ് സ്വാമി അഭേദാനന്ദന്റെ 'പുനർജന്മം.' അതിൽ പറയുന്നതനുസരിച്ച് പുരാതഗ്രീസിലും ഇറ്റലിയിലും ഈജിപ്തിലും ഇന്ത്യയിലും പേർഷ്യയിലുമെല്ലാം നിലനിന്നിരുന്നത് പുനർജന്മ സങ്കല്പമാണ്. (വിവർത്തനം. പ്രഫ. എ. പത്മനാഭക്കുറുപ്പ്, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലി. പുറം: 9-14).

ചരിത്രാതീതകാലം മുതൽ തന്നെ ലോകത്ത് നിലനിന്നിരുന്നത് ഏതോ തരത്തിലുള്ള പരലോകവിശ്വാസവും പുനരുത്ഥാന സിദ്ധാന്തവുമായിരുന്നു. മനുഷ്യരാശിയുടെ ചരിത്രം കുറിച്ചിട്ടവർ ഇക്കാര്യം പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തര പ്രാചീന ശിലാദശയിലെ സമൂഹത്തെ സംബന്ധിച്ച് കെ.വി. ഗോപാലമേനോൻ എഴുതുന്നു: ''അവർ ശവസംസ്കാരകർമങ്ങൾ പൂർവ്വവർഗങ്ങളേക്കാളധികം വിസ്തരിച്ചു നടത്തി. ശവശരീരത്തിൽ ചുവന്ന ചായം തേച്ച് ആയുധങ്ങളും ആഭരണങ്ങളും ഭക്ഷണസാധനങ്ങളും കൂടെ വെച്ച് മറവുചെയ്തു. ഇവയെല്ലാം ഇഹലോകത്തെ പോലെ പരലോകത്തും ഉപകരിക്കുമെന്നവർ വിശ്വസിച്ചിരികകണം.''(ലോചരിത്രം വാള്യം-1പുറം: 42).

പ്രാഗ്ചരിത്രമനുഷ്യനെക്കുറിച്ച് ജെയിംസ് എഡ്ഗാർ സ്വൈയ്ൻ എഴുതുന്നു: ''പരലോകത്തേക്കുള്ള യാത്രയ്ക്ക് ആത്മാവിനെ സജ്ജമാക്കുന്നതിനുവേണ്ടിയുള്ള വിപുലങ്ങളായ ചടങ്ങുകൾ ശവസംസ്കാരക്രിയകളിൽ അന്തർഭവിച്ചിരുന്നു." (ലോക നാഗരികതകളുടെ ചരിത്രം. മലയാളം പരിഭാഷ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. പേജ്: 50)

പ്രാചീന ഈജിപ്തുകാരെക്കുറിച്ച് അദ്ദേഹം എഴുതുന്നു: ''അവർ ആത്മാവിന്റെ പരലോകയാത്രയ്ക്ക് അമിതപ്രാധാന്യം കൊടുത്തുവന്നു. എല്ലാ തര

ത്തിലുള്ള തിന്മകളെയും നേരിടേണ്ടിവരുമെന്ന് അവർ വിശ്വസിച്ചു. മോക്ഷം സിദ്ധിക്കുന്നതിനുള്ള ഒരേ ഒരു വഴി ജാലവിദ്യയും സൂത്രപ്രയോഗവും പുരോഹിതൻമാരുടെ നിർദ്ദേശങ്ങളും ആയിരുന്നു. അപ്പോൾ അവശേഷിച്ചിട്ടുള്ള ഈജിപ്ഷ്യൻ സാഹിത്യത്തിന്റെ ഭൂരിഭാഗവും പുരോഹിതൻമാരുടെ ഇത്തരം ആജ്ഞകളും നിർദ്ദേശങ്ങളുമാണ്. മരിച്ച ആളിന്റെ ആത്മാവ്, ഒരു ദീർഘ യാത്രയ്ക്കുശേഷം സത്യത്തിൽ തളത്തിൽ ചെല്ലുന്നു. അന്തിമമായ വിധി പ്രഖ്യാപിക്കപ്പെടുന്നത് അവിടെയാണ്. നിർദ്ദേശമനുസരിച്ച് അവിടെ ചെല്ലുമ്പോൾ ആത്മാവ് പറയേണ്ടത്, ''അവിടുത്തെ മുമ്പിൽ പാപസ്പർശമില്ലാതെ ഞാൻ വന്നിരിക്കുന്നു. ദേവൻമാരെ എന്തുകൊണ്ട് തൃപ്തിപ്പെടുത്താമോ അതൊക്കെ ഞാൻ ചെയ്തിട്ടുണ്ട്. ഞാൻ കൊന്നിട്ടില്ല. പിടിച്ചുപറിച്ചിട്ടില്ല. കലാപം ഇളക്കിവിട്ടിട്ടില്ല. കള്ളം പറഞ്ഞിട്ടില്ല, ദേഷ്യപ്പെട്ടിട്ടില്ല, വ്യഭിചരിച്ചിട്ടില്ല...ഞാൻ വിശക്കുന്നവർക്ക് ആഹാരം കൊടുത്തിട്ടുണ്ട്, നഗ്നർക്ക് വസ്ത്രം നൽകിയിട്ടുണ്ട്, മോക്ഷാർത്ഥിയായ ആത്മാവ് ആത്മസ്ഥൈര്യത്തോടും ഉത്തമബോധ്യത്തോടും കൂടി ഇതു പറയുന്നപക്ഷം ദൈവവുമായി സാത്മ്യം പ്രാപിക്കുവാൻ ഉടനെതന്നെ അയാളെ അകത്തേക്ക് കടത്തിവിടുന്നതും കുളിർകാറ്റ് വീശുകയും മനുഷ്യരേക്കാൾ ഉയരത്തിൽ വളർന്നുനിൽക്കുന്നതുമായ ധാന്യ വിളകൾ ഉള്ളതും ആനന്ദനിർഭരവുമായ സ്വർഗത്തിൽ നിത്യജീവിതം നയിക്കുന്നതിന് അയാളെ അനുവദിക്കുന്നതുമാണ്. അയാൾ കുറ്റക്കാരനാണെന്നു കാണുന്നപക്ഷം വിഴുങ്ങുവാൻ ഒരുങ്ങിനിൽക്കുന്ന ഭീകരജന്തുക്കൾനിറഞ്ഞ നാശത്തിന്റെ പടുകുഴിയിലേക്ക് ആ നിർഭാഗ്യവാനായ ഇര എറിയപ്പെടുകയും ചെയ്യുന്നു.''(അതേ പുസ്തകം: പേജ്. 80)

മരണാനന്തരം ആത്മാവ് ഭൂമിയിലേക്ക് മടങ്ങുമെന്ന് വിശ്വസിച്ചിരുന്ന പ്രാക്തന സമൂഹങ്ങൾ അവ മറ്റു ജീവികളായോ മനുഷ്യരായോ ജനിക്കുമെന്നല്ല; മൃതശരീരത്തിലേക്കോ പ്രതിമകളിലേക്കോ ഒക്കെ തിരിച്ചു വരുമെന്നാണ് വിശ്വസിച്ചിരുന്നത്. പുരാതന ഈജിപ്ഷ്യൻ സമൂഹത്തെ സംബന്ധിച്ച് ജെയിംസ് എഡ്ഗാർ സ്വെയ്ൻ എഴുതുന്നു: ''മരിച്ചവർ ഒരേ സമയം തന്നെ ഭൂമിയിലും സ്വർഗ്ഗത്തിലും വിചിത്രമായ ഒരു ഇരട്ട ജീവിതം നയിച്ചുവരുന്നതായി അവർ വിശ്വസിച്ചിരുന്നു. മരണാനന്തരം ഭൂമിയിലെ ജീവിതം സുസാധ്യമാക്കുന്നതിനാണ് മൃതദേഹം സംരക്ഷിച്ചുവന്നത്" (അതേ പുസ്തകം പേജ്: 79)

ഈജിയൻമാരെ സംബന്ധിച്ച് പ്രഫ. പി.എസ്. വേലായുധൻ എഴുതി: ''ഈജിയൻ മതത്തിൽ മരണാനന്തര ജീവിതത്തിന് സ്ഥാനമുണ്ടായിരുന്നു. അതിനാൽ ഈജിയൻമാർ ഈജിപ്തുകാരെപ്പോലെതന്നെ മൃതദേഹത്തിന്റെ കൂടെ ഭക്ഷണപാനീയങ്ങൾ, വിളക്കുകൾ, ക്ഷൗരക്കത്തികൾ, മുഖക്കണ്ണാടികൾ, പരേതന്റെ സുഖസൗകര്യങ്ങൾക്കുള്ള മറ്റുപകരണങ്ങൾ മുതലായവ സംസ്കരിക്കുന്ന പതിവുണ്ടായിരുന്നു." (ലോക ചരിത്രം. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒന്നാം ഭാഗം, പത്താം പതിപ്പ് പേജ്. 54).

## വൈദിക ഭാരതത്തിൽ

വേദകാല ഇന്ത്യയിലും പുനർജന്മസിദ്ധാന്തമുണ്ടായിരുന്നില്ല. പരലോക വിശ്വാസമാണ് സമൂഹത്തെ സ്വാധീനിച്ചിരുന്നത്. ഡോ. രാധാകൃഷ്ണൻ ഇക്കാര്യമിങ്ങനെ വ്യക്തമാക്കുന്നു: ''മരണാനന്തരജീവിതത്തെപ്പറ്റി അവർക്ക

പ്രത്യേകമായ സിദ്ധാന്തങ്ങളൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും സ്വർഗ്ഗം, നരകം എന്നിവയെപ്പറ്റിയുള്ള ചില അവ്യക്ത ധാരണകളിൽനിന്ന് ചിന്താപരമായ മനസ്സുകൾക്ക് ഒഴിഞ്ഞുമാറുവാൻ കഴിഞ്ഞിരുന്നില്ല. പുനർജന്മസിദ്ധാന്തങ്ങൾ അപ്പോഴും വിദൂരത്തിലായിരുന്നു. മരണത്തോടെ എല്ലാം അവസാനിക്കില്ലെന്ന ഉറപ്പ് വൈദിക ആര്യൻമാർക്കുണ്ടായിരുന്നു. രാത്രിക്കുശേഷം പകൽ: മരണത്തിനുശേഷം ജീവിതം, ഒരിയ്ക്കലുണ്ടായിരുന്ന ജീവികൾ പിന്നീട് തീരെ ഇല്ലാതാവുക സാധ്യമല്ല. അവർ എവിടെയെങ്കിലും, ഒരു പക്ഷേ, യമൻ ഭരിക്കുന്ന അസ്തമയസൂര്യന്റെ സാമ്രാജ്യത്തിൽ, നിലനിൽക്കണം.'' (ഭാരതീയദർശനം വാള്യം -1 പേജ്: 91-92).

''നാം ദേവതകളെ ആരാധിച്ചില്ലെങ്കിൽ നമുക്ക് എന്തു സംഭവിക്കുന്നു എന്ന ചോദ്യം ഇവിടെ ഉദിക്കുന്നു. സ്വർഗത്തിന് എതിർവശത്ത് സദാചാരത്തിന് നിരക്കാത്ത പാപങ്ങൾ ചെയ്തവർക്കും ദേവതകളിൽ വിശ്വസിക്കാത്ത നാസ്തികൻമാർക്കുമായി നരകം എന്ന വേറിട്ടൊരിടമുണ്ടോ? പുണ്യവാൻമാർക്കും നല്ലവർക്കുമുള്ളതാണ് സ്വർഗ്ഗമെങ്കിൽ ദുഷ്ടബുദ്ധികളെ മരണത്തോടെ തീരെ ഇല്ലാതാക്കുവാനോ സ്വർഗ്ഗത്തിലെത്തിക്കുവാനോ സാധ്യമല്ലല്ലോ. അങ്ങനെ ഒരു നരകം ആവശ്യമായിവരുന്നു. വരുണൻ പാപികളെ അടിയിലുള്ള അന്ധകാരാവൃതമായ അഗാധതകളിലേക്ക് തള്ളിയിടുന്നതായി വേദങ്ങളിൽ പറയുന്നുണ്ട്. അവിടെനിന്ന് ഉയർന്നുവരാൻ അവർക്ക് ഒരിക്കലും സാധ്യമല്ല. ആരാധകനെ ദ്രോഹിക്കുന്ന മനുഷ്യനെ താഴെയുള്ള തമസ്സിലേക്ക് തള്ളിയിടുവാൻ ഇന്ദ്രനോട് ഋഷി പ്രാർത്ഥിക്കുന്നു. ഈ ഇരുളടഞ്ഞ ആഴത്തിൽവീണ് അപ്രത്യക്ഷനാവുകയാണ് പാപിയുടെ വിധി എന്നു തോന്നുന്നു. പിൽക്കാലത്തുള്ള പുരാണങ്ങളിലെ നരകത്തിന്റെയും അതിലെ ചില പീഡകളുടെയും വികൃതസങ്കൽപങ്ങൾ ഈ ഘട്ടത്തിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ധർമിഷ്ഠൻമാർക്ക് സ്വർഗ്ഗവും അധാർമികർക്ക് നരകവും എന്നതായിരുന്നു നിയമം. സദാചാരത്തിന് സമ്മാനം ലഭിക്കും. ദുരാചാരത്തിന് ശിക്ഷയും'' (അതേ പുസ്തകം പേജ്: 93).

## വിചിത്രമായ വ്യാഖ്യാനങ്ങൾ

കർമഫലമനുസരിച്ച് മനുഷ്യർ മൃഗവും മൃഗം മനുഷ്യനുമൊക്കെയായി മാറുമെന്നാണ് പുനർജന്മസങ്കൽപം സിദ്ധാന്തിച്ചിരുന്നത്. എന്നാൽ പരിണാമസിദ്ധാന്തവുമായി പുനർജന്മ സങ്കൽപ്പത്തെ പൊരുത്തപ്പെടുവിക്കാൻ ശ്രമിക്കുന്ന ആധുനിക വ്യാഖ്യാതാക്കൾ മനുഷ്യൻ മൃഗമായി പുനർജനിക്കുമെന്ന ആശയത്തെ തീർത്തും നിഷേധിക്കുകയാണ് ചെയ്യുന്നത്. സ്വാമി അഭേദാനന്ദൻ എഴുതുന്നു: ''ഹിന്ദുക്കളുടെ പുനർജന്മസിദ്ധാന്തം മനുഷ്യാത്മാക്കളുടെ ശരീരത്തിലേക്കുള്ള തിരിച്ചുപോക്കിനെ നിരാകരിക്കുന്നു. നാം മൃഗത്തിന്റെ തന്നെ ശരീരത്തിൽനിന്ന് പരിണാമ പ്രക്രിയയിലൂടെ കടൽ കടന്ന് ഈ നിലയിലെത്തിയിരിക്കുന്നു. ഇനി മൃഗശരീരത്തിലേക്കുതന്നെ മടങ്ങുന്നതെന്തിന്? മനുഷ്യാത്മാക്കൾ മരണാനന്തരം ദുഷ്കർമങ്ങളുടെ ഫലമനുഭവിക്കാൻ വേണ്ടി കർമനിയമത്തിനു വിധേയമായി മൃഗശരീരങ്ങളിലേക്ക് അധഃപതിക്കുന്നുവെന്ന് വിശ്വസിക്കുന്ന അജ്ഞരായ ഒരു വിഭാഗം ഹിന്ദുക്കൾ ഇന്ത്യയിലുണ്ടെന്നത് യാഥാർത്ഥ്യമാണ്. ഹിന്ദുക്കളുടെ ചില മതഗ്രന്ഥങ്ങളിൽ മനുഷ്യാത്മാക്കൾ മരണാനന്തരം മൃഗപ്രകൃതിയിലേക്ക് അധഃപതിക്കുന്നതായി കാണിക്കുന്ന ഭാഗങ്ങൾ ഉണ്ടെങ്കിലും അവയ്ക്ക് മനുഷ്യാത്മാക്കൾ മൃഗശരീരമെടുക്കുന്നു

വെന്ന് അർഥം കൽപിക്കേണ്ടതില്ല. മനുഷ്യശരീരത്തിലിരുന്നുകൊണ്ടുതന്നെ അവ മൃഗീയജീവിതം നയിക്കുന്നുവെന്നേ അതിനർഥമുള്ളൂ. നമ്മുടെയിട യിൽതന്നെ പൂച്ചകളെപ്പോലെയും നായ്ക്കളെപ്പോലെയും പാമ്പുകളെപ്പോ ലെയും മറ്റുമുള്ള നികൃഷ്ടജീവിതം നയിക്കുന്നവരെ നാം കാണാറുണ്ടല്ലോ. അവരധികവും ശരിയായ പൂച്ചകളേക്കാളും നായ്ക്കളെക്കാളും പാമ്പുകളെ ക്കാളും കൂടുതൽ നികൃഷ്ടരായിരിക്കും. അവർ ശാരീരികമായി മനുഷ്യരെ പ്പോലെയായിരിക്കുമെങ്കിലും സ്വന്തം മൃഗപ്രകൃതിയെ പ്രകാശിപ്പിച്ചുകൊണ്ട് സ്വന്തം കർമഫലം അനുഭവിക്കുകയാണെന്നുവേണം കരുതാൻ.'' (പുനർജന്മം പേജ്: 92)

ഗ്രന്ഥപരിചയം നിർവഹിച്ച വിദ്യാവാചസ്പതി വി. പനോളി എഴുതുന്നു: ''പരിണാമസിദ്ധാന്തം സാർഥകമാകണമെങ്കിൽ പുനർജന്മ സിദ്ധാന്തത്തെ അംഗീകരിച്ചേ പറ്റൂ എന്ന് സ്വാമികൾ ഈ കൃതിയിൽ സയുക്തികം തെളിയി ച്ചിരിക്കുന്നു. അതോടൊപ്പം പാരമ്പര്യസിദ്ധാന്തത്തിന്റെയും അയുക്തികതയും പ്ലാറ്റോവിന്റെ ദേഹാന്തരപ്രാപ്തി വിശ്വാസത്തിന്റെ വൈകല്യവും ഇതിൽ യുക്തിയുക്തം സമർത്ഥിച്ചിട്ടുണ്ട്. മാത്രമല്ല, നരജന്മം കിട്ടിയാൽ പിന്നീട് ചെയ്ത നികൃഷ്ടവൃത്തികൾ ഹേതുവായി വീണ്ടും മൃഗമായി ജനിക്കുന്നു വെന്ന അഭിപ്രായത്തെയും സ്വാമികൾ ഇതിൽ ഖണ്ഡിച്ചിരിക്കുന്നു. മനുഷ്യ നായി ഒരിക്കൽ ജനിച്ചുകഴിഞ്ഞാൽ വീണ്ടും മൃഗമായി ജനിക്കുന്നില്ലെന്നും മനുഷ്യരൂപത്തിൽ തന്നെയാണ് വീണ്ടും ജനിക്കുന്നതെന്നുമാണ് സ്വാമിക ളുടെ നിഗമനം. പക്ഷേ, ഒരു വ്യത്യാസം മാത്രം-അത്തരക്കാർ കേവലം മനു ഷ്യമൃഗങ്ങളായി ജീവിക്കുന്നു. മനുഷ്യരുടെ ഇടയിൽതന്നെ ശ്വാക്കളെയും മാർജാരൻമാരെയും സർപ്പങ്ങളെയും നാം കാണുന്നില്ലേ എന്ന് സ്വാമികൾ ചോദിക്കുന്നു. ഒരുത്തരമേയുള്ളൂ-യഥാർത്ഥ ശ്വാക്കൾ, മാർജാരൻമാർ, സർപ്പ ങ്ങൾ, എന്നിവയെക്കാൾ നികൃഷ്ട ജീവിതമാണ് അത്തരക്കാർ നയിക്കുന്ന തെന്നുമാത്രം. യുക്തിസഹവും അങ്ങേയറ്റം ശാസ്ത്രീയമായ ഈ നിഗമന ങ്ങൾ നമുക്ക് ഉത്തേജനം നൽകുന്നില്ലേ? (ശയശറ പേജ്: 11).

തീർത്തും കൃത്രിമവും വിചിത്രവുമായ വ്യാഖ്യാനമാണ് പുനർജന്മവാദ ത്തിന് സ്വാമി അഭേദാനന്ദനും പനോളിയുമിവിടെ നൽകുന്നത്. ഇത്തരമൊരു വിശദീകരണത്തിനുള്ള പഴുതുപോലും ഹൈന്ദവ മതഗ്രന്ഥങ്ങളിലെവിടെയും കാണുക സാധ്യമല്ല. എന്നല്ല, അവയിലെ പരാമർശങ്ങൾ ഇത്തരം വ്യാഖ്യാ നങ്ങൾക്ക് ഒരു നിലയ്ക്കും വഴങ്ങുന്നവയല്ല.

ബ്രാഹ്മണങ്ങളിൽ പരലോക വിശ്വാസമാണല്ലോ ഉണ്ടായിരുന്നത്. ഉപ നിഷത്തുക്കളുടെ കാലത്താണത് പുനർജന്മമായി പരിണമിച്ചത്. ഡോ.എസ്. രാധാകൃഷ്ണൻ ഈ വസ്തുത ഇങ്ങനെ വ്യക്തമാക്കുന്നു: ''ബ്രാഹ്മണം അടുത്ത ലോകത്തിലേ ജനനമരണങ്ങൾ നടക്കുന്നതായി സ്വീകരിക്കുന്നുള്ളൂ. ഉപനിഷത്തുകളിലായപ്പോൾ ആ വിശ്വാസം ഈ ലോകത്തിന് പുനർജന്മ മെന്ന വിശ്വാസപ്രമാണമായിമാറി.'' (ഭാരതീയ ദർശനം വാല്യം: 1 പേജ്. 224).

പുനർജന്മത്തെ വിശദമായി വിവരിക്കുന്നത് ഛാന്ദോഗ്യോപനിഷത്താണ്. അത് ഈ വിധമത്രെ. ''തദ്യ ഇഹ രമണിയചരണാ അഭ്യാശോ ഹ യത്തേ രമണീയാം യോനിമാപദ്യേരൻ, ബ്രാഹ്മണയോനിം വാ ക്ഷത്രിയയോനിം വാ വൈശ്യയോനിം വാ. അഥ യ ഇഹ കപൂയചരണാ അഭ്യാശോ ഹയാത്തേ കപുയാം യോനിമാപദ്യേരൻ, ശ്വയോനിം വാ സുകരയോനിം ചണ്ഡാല

യോനിം വാ" - അധ്യായം: 5, ഖണ്ഡ: 10, ശ്ലോകം: 7 -(അവരിൽ സൽക്കർമ്മങ്ങൾ ചെയ്യുന്നവരോ അവർ വേഗം തന്നെ ഉത്തമയോനികളിൽചെന്നു ചേരുന്നു. ബ്രാഹ്മണ യോനിയിലോ ക്ഷത്രിയയോനിയിലോ എത്തിച്ചേരുന്നു. അതുപോലെ അശുഭചാരൻമാരോ അവർ അശുഭയോനിയെ പ്രവേശിക്കുന്നു. പട്ടിയുടെ യോനിയെയോ പന്നിയുടെ യോനിയെയോ ചണ്ഡാലന്റെ യോനിയെയോ പ്രാപിക്കുന്നു).

ഇവിടെ ഛാന്ദോഗ്യോപനിഷത്ത് പറയുന്നത് അശുഭകർമികൾ കുരങ്ങന്റെയോ പട്ടിയുടെയോ പന്നിയുടെയോ പ്രകൃതത്തോടെ ജനിക്കുമെന്നാണ്. പട്ടിയും പന്നിയും മനുഷ്യക്കുഞ്ഞുങ്ങളെയല്ലല്ലോ പ്രസവിക്കുക.

പുനർജന്മസങ്കൽപം പരിണാമവാദവുമായി ഇണങ്ങുന്നതും ശാസ്ത്രീയവുമാണെന്ന് വരുത്താനായി വിചിത്രമായ പല വാദങ്ങളും പുനർജന്മസിദ്ധാന്തത്തിന്റെ വക്താക്കൾ മുന്നോട്ടുവെയ്ക്കുന്നുണ്ട്. സ്വാമി അഭേദാനന്ദൻ എഴുതുന്നു: ''ഹൈന്ദവ സിദ്ധാന്തമനുസരിച്ച് ശരീരങ്ങൾ ആത്മാക്കളെ സ്വീകരിക്കാൻ മുൻകൂട്ടിതന്നെ കാത്തുനിൽക്കുന്നില്ല. പ്രത്യുത, ആത്മാക്കൾ തങ്ങളുടെ സ്വഭാവ പ്രവണതകൾക്കനുസൃതമായി, പരിണാമ സിദ്ധാന്തത്തിനുവിധേയമായി സ്ഥൂല ഭൗതിക ശരീരങ്ങൾ നിർമിക്കുകയാണ് ചെയ്യുന്നത്. ഒരു ജീവബീജം കോശവിഭജനം, സാഹചര്യങ്ങളിൽനിന്നുള്ള സാത്മീകരണം, വളർച്ച എന്നിവ വഴി വികാസം പ്രാപിക്കുന്നതുപോലെ മനുഷ്യാത്മാവിന്റെ കോശമാവട്ടെ ഭൗതികതലത്തെ ഭരിക്കുന്ന നിയമങ്ങൾക്കനുസരിച്ച് ശരീരത്തെ നിർമിക്കുകയാണ് ചെയ്യുന്നത്." (പുനർജന്മം, പേജ്: 89).

പരിണാമ സിദ്ധാന്തത്തിന് അനിഷേധ്യമോ ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതോ ചരിത്രപരമായി അംഗീകരിക്കപ്പെട്ടതോ അല്ല. അതിന് നിശിതമായ വിമർശനങ്ങൾക്കും ചോദ്യംചെയ്യലുകൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ പുനർജന്മവാദികൾ പരിണാമസിദ്ധാന്തത്തെ അനിഷേധ്യമെന്ന നിലയിലംഗീകരിച്ച് തങ്ങളുടെ വാദം അതുമായി പൊരുത്തപ്പെടുന്നതാണെന്ന് വരുത്താനാണ് വ്യഗ്രത കാണിക്കുന്നത്. അതിനായി വ്യഗ്രത കാണിക്കുന്നത് അതിനായി ആത്മാവിന് കോശമുണ്ടെന്ന് പോലും എഴുതിയിരിക്കുന്നു. കോശം പദാർത്ഥനിഷ്ഠമാണല്ലോ. അപ്പോൾ ആത്മാവും പദാർത്ഥനിഷ്ഠമാണോ? കോശങ്ങളുള്ളവ വിഭജിക്കപ്പെടുന്നത് സുസമ്മതവും സുവിദിതവുമത്രെ. ആത്മാവിന് കോശമുണ്ടെങ്കിൽ അതും വിഭജിക്കപ്പെടേണ്ടതല്ലേ? എങ്കിൽ ഒരാത്മാവ് പലതായി വിഭജിക്കപ്പെട്ട് പലതിനെയും ഉൽപാദിപ്പിക്കേണ്ടതല്ലേ?

വൃക്ഷത്തിന്റെ വിത്തും ജീവാത്മാവും ഒരുപോലെയാണെന്ന വീക്ഷണമാണ് പുനർജന്മവാദികൾ സമർപ്പിക്കുന്നത്. ''ഈ ജീവബീജങ്ങളിൽ പ്രാണൻ, ഇന്ദ്രിയശക്തികൾ, ആത്മീയശക്തികൾ, ജഡത്തിന്റെ ബാഷ്പരൂപിയായ അണുക്കൽ എന്നിവ അന്തർലീനമായിട്ടുണ്ട്. മരണസമയത്ത് ജീവാത്മാവ് സങ്കോചിച്ച് ഇന്ദ്രിയങ്ങളിൽനിന്ന് സമസ്തശക്തികളെയും ഉള്ളിലുള്ള കേന്ദ്രത്തിലേക്ക് പിൻവലിക്കുകയും ആ സൂക്ഷ്മരൂപത്തിൽ അത് ശരീരത്തെ വീട്ടുപോവുകയും ചെയ്യുന്നു. ഈ ശക്തികളൊന്നും ആത്മാവിനെ വിട്ടുപോകുന്നില്ല. അതിന്റെ പുനഃപ്രകാശനത്തിന്നനുകൂലമായ സാഹചര്യങ്ങൾ വന്നു ചേരുന്നതുവരെ 'ശക്തി സ്ഥിരതാനിയമ'ത്തിനും 'ഊർജ്ജ സംരക്ഷണനിയമത്തിനും' വിധേയമായി അത് കേന്ദ്രത്തിൽ ലീനാവസ്ഥയിൽ സ്ഥിതിചെ

യ്യുന്നു. ജീവാത്മാവിൽ കുടികൊള്ളുന്ന ശക്തികളുടെ പ്രകാശനത്തിനാണ് പുനർജന്മമെന്നു പറയുന്നത്. ഈ ബീജങ്ങളാവട്ടെ പല പേരുകളിലറിയപ്പെടുന്നു. വേദാന്തികൾ അതിന് സൂക്ഷ്മശരീരമെന്നാണ് പേർ നൽകിയിരിക്കുന്നത്. ഈ ജീവബീജം പരിണാമത്തിനും വളർച്ചയ്ക്കും വിധേയമാണ്. അവതാണ തലത്തിൽനിന്ന് ഉച്ചാവസ്ഥയിലേക്ക് വികസിച്ചുകൊണ്ടിരിക്കുകയാണ്. അതായത് ധാതുദ്രവ്യങ്ങൾ, സസ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യർ എന്നീ നിലകളിൽ പുരോഗമിച്ചുകൊണ്ടേയിരിക്കുന്നു. (ശയശറ പേജ്: 90)

സസ്യങ്ങളുടെയും മരങ്ങളുടെയുമൊക്കെ ജീവബീജം അവയുടെ വിത്തിലാണെന്ന് ശാസ്ത്രം അസന്ദിഗ്ധമായി അവകാശപ്പെടുന്നു. ഉദാഹരണമായി പ്ലാവിന്റെ ജീവബീജം ചക്കയുടെ കുരുവിലാണുണ്ടാവുക. ഒരാൾ അത് പാകം ചെയ്ത് കഴിച്ചാൽ പിന്നീട് അതിൽനിന്ന് പ്ലാവുണ്ടാവുകയില്ല. ജീവബീജമാണ് ആത്മാവ് അല്ലെങ്കിൽ സൂക്ഷ്മശരീരമെങ്കിൽ അതിൽമാറ്റം വരുത്താൻ മനുഷ്യനും മറ്റു ജീവികൾക്കും സാധിക്കുമെന്ന് വരില്ലേ? സ്ഥൂലശരീരത്തെ സ്വയം സൃഷ്ടിക്കാൻ കഴിയുന്ന ജീവാത്മാവ് അല്ലെങ്കിൽ സൂക്ഷ്മശരീരം ഒരു കാക്കക്കും കോഴിക്കുമൊക്കെ ഇടപെടാൻ കഴിയുമാറ് ദുർബലവും കഴിവുകെട്ടതുമാണോ? നെന്മണി കോഴി കൊത്തിത്തിന്നാൽ പിന്നെ അതിൽനിന്ന് നെൽച്ചെടി ഉണ്ടാവില്ലല്ലോ.

കർമഫലമനുസരിച്ചാണ് ആത്മാവിന് ഉദ്ഗതിയും അധോഗതിയുമുണ്ടാകുന്നതെന്നും ജീവാത്മാവിന്റെ അവസ്ഥയനുസരിച്ചാണ് അത് മരവും മൃഗവും മനുഷ്യനുമൊക്കെയായി രൂപം കൊള്ളുന്നതെന്നും പുനർജന്മവാദികളിവിടെ അവകാശപ്പെടുന്നു. എങ്കിൽ സസ്യങ്ങളിലെയും മൃഗങ്ങളിലെയും ഇഴജീവികളിലെയും പറവകളിലെയും ആത്മാക്കളുടെ പുണ്യപാപങ്ങളെന്താണ്? അവയ്ക്ക് മനുഷ്യരെപ്പോലെ ഇച്ഛാനുസൃതം കർമം ചെയ്യാൻ കഴിയുമോ? ഏതു പുണ്യം ചെയ്താലാണ് മരം മൃഗവും മൃഗം മനുഷ്യനുമാവുക? ഒരിക്കൽ മരമായ ജീവാത്മാവ് വീണ്ടും മരമാവുമോ? ആകുമെങ്കിൽ എന്തുകൊണ്ട്? അത് എപ്പോഴാണ് മൃഗമാവുക? മൃഗമായ ജീവാത്മാവ് അല്ലെങ്കിൽ സൂക്ഷ്മശരീരം വീണ്ടും മൃഗമാവുമോ? എങ്കിൽ എന്തുപാപം ചെയ്യുന്നതിനാലാണ്? മൃഗം മനുഷ്യനാകാൻ എന്തു പുണ്യമാണ് ചെയ്യേണ്ടത്? ഇത്തരം നിരവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ പുനർജന്മ സങ്കൽപം ഉത്തരം നൽകാൻ പുനർജന്മ സങ്കൽപം തികച്ചും ശാസ്ത്രീയവും യുക്തിഭദ്രവുമാണെന്ന് അവകാശപ്പെട്ട് രംഗത്തുവരുന്നവർക്കൊന്നും സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല.

# ഉത്തരം കിട്ടാത്ത ഒട്ടേറെ ചോദ്യങ്ങൾ

ഈ പ്രപഞ്ചം പദാർത്ഥനിഷ്ഠമാണ്. അതിനാലിതിൽ പുതുതായി എന്തെങ്കിലും ഉണ്ടാവുകയോ ഉള്ളത് നശിക്കുകയോ ചെയ്യുന്നില്ല. പദാർത്ഥം പരിവർത്തനവിധേയമാകുന്നുവെന്നല്ലാതെ സൂക്ഷ്മാർത്ഥത്തിൽ നിർമാണമോ സംഹാരമോ നടക്കുന്നില്ല. എന്നാൽ പദാർത്ഥനിഷ്ഠമായ ഈ പ്രപഞ്ചം തന്നെ ദൈവസൃഷ്ടമാണെന്ന് മതം ഉദ്ഘോഷിക്കുന്നു. അത് അനാദ്യമോ അനന്തമോ അല്ല. അനാദ്യനും അനന്ത്യനുമായി ദൈവം മാത്രമേയുള്ളൂ. ദൈവനിഷേധികളായ പദാർത്ഥവാദികൾ മാത്രമേ ഇതിനെ നിരാകരിക്കുന്നുള്ളൂ. അവരുടെ ഭാഷയിൽ അനാദിയും അനന്ത്യവുമായത് പദാർഥമാണ്. അനാദിയിൽ ഈ പ്രപഞ്ചം അതീവ സാന്ദ്രതയുള്ള പിണ്ഡമായിരുന്നുവെന്നും ആയിരത്തി അഞ്ഞൂറോ രണ്ടായിരമോ കോടി കൊല്ലം മുമ്പ് അതിന്റെ ഊഷ്മാവും സാന്ദ്രതയും പാരമ്യതയിലെത്തിയപ്പോൾ വിസ്ഫോടനം സംഭവിച്ചുവെന്നും അങ്ങനെ പ്രപഞ്ചമുണ്ടായി എന്നും അവകാശപ്പെടുന്നു.

അനാദിയായ പദാർത്ഥത്തിൽ സാന്ദ്രതയും ഊഷ്മാവും പാരമ്യതയിലെത്തിയതെങ്ങനെ? അനാദിയിൽ തന്നെ പദാർത്ഥത്തിലുള്ളതായിരുന്നുവെങ്കിൽ അനാദിയിൽതന്നെ പൊട്ടിത്തെറി സംഭവിക്കേണ്ടതായിരുന്നില്ലേ? എന്തുകൊണ്ട്, ഒരു പ്രത്യേക സന്ദർഭത്തിൽ സംഭവിച്ചു? അതിനുമുമ്പോ ശേഷമോ ആവാതിരുന്നതുകൊണ്ട്? ഇത്തരം നിരവധി ചോദ്യങ്ങൾക്കുത്തരം നൽകാൻ ഇന്നോളം പദാർഥവാദികൾക്കു സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഭൗതികവാദം ശാസ്ത്രീയമോ സയുക്തികമോ അല്ല. എന്നിട്ടും ദൈവവിശ്വാസികളെന്നവകാശപ്പെടുന്ന പുനർജന്മവാദികൾ അതിനെ പിന്തുണയ്ക്കുകയാണ് ചെയ്യുന്നത്. സ്വാമി അഭേദാനന്ദൻ എഴുതുന്നു. ''വേദാന്ത പരിണാമത്തെയും വിവിധ രീതിയിലുള്ള മാറ്റത്തിന്റെ നിയമങ്ങളെയും പ്രകൃതിനിർദ്ധാരണത്തെയും അംഗീകരിക്കുന്നുണ്ട്. എന്നാൽ വ്യത്യസ്ത രീതിയിൽ പരിണമിക്കുന്നതിനുള്ള പ്രവണതയ്ക്ക് യുക്തിയുക്തമായ വിശദീകരണം നൽകിക്കൊണ്ട് ആധുനികശാസ്ത്രത്തേക്കാൾ വേദാന്തം വളരെയേറെ മുന്നോട്ടു പോയതായി കാണാം. 'ആദിയിലില്ലാത്തതൊന്നും അന്ത്യത്തിലില്ല' എന്നാണ് വേദാന്തശാസ്ത്രം ഉദ്ഘോഷിക്കുന്നത്." (പുനർജന്മം. പേജ്: 52)

''ഒരു ഏകകോശ ജീവബീജം അഥവാ ജൈവകോശം പരിണാമത്തിന്റെ വിവിധ ദശകളിൽകൂടി കടന്ന് അവസാനം ഏറ്റവും വികസിതമായ മനുഷ്യജീവിയായിത്തീർന്നു. അതിനാൽ പ്രകാശിതമായ സമസ്ത ശക്തികളുടെയും

സാരാംശം ഈ ജീവബീജത്തിൽ ആദ്യം തന്നെ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കേണ്ടതാണ്. അന്ത്യത്തിലുണ്ടായിരുന്നതെന്തോ അത് ആദിയിലുണ്ടായിരുന്നുവെന്ന നിയമം തന്നെയാണ് ഇതിന്നടിസ്ഥാനം.” (ശയശറ പേജ്: 53)

ഇവിടെ ഏറെ പ്രസക്തങ്ങളും പ്രധാനങ്ങളുമായ ചില പ്രശ്നങ്ങളുയർന്നു വരുന്നുണ്ട്. പുനർജന്മം സുയുക്തികവും ശാസ്ത്രീയവുമാണെന്നവകാശപ്പെടുന്നവർ അതിന് മറുപടി നൽകാൻ ബാധ്യസ്ഥരാണ്.

1. ബ്രഹ്മം അഥവാ ദൈവം തന്നെയാണോ ഈ ജൈവകോശം? ആണെങ്കിൽ ജൈവകോശത്തെപ്പോലെ നീചാവസ്ഥയും അധമസ്ഥിതിയുമുള്ളവനാണോ ദൈവം? ജൈവകോശത്തിന് വൈവിധ്യതയും അവസ്ഥാഭേദങ്ങളുമുണ്ടല്ലോ. സസ്യത്തിലും മൃഗങ്ങളിലും മനുഷ്യരിലുമെല്ലാം വിവിധ സ്ഥിതിയിലുള്ള ജൈവകോശമാണല്ലോ ഉള്ളത്. ദൈവം ഇവ്വിധം വിഭജിക്കപ്പെടുന്നവനും അവസ്ഥാന്തരങ്ങൾക്ക് വിധേയനുമാണോ? സ്ഥൂലാവസ്ഥ പ്രാപിക്കാനും പരിണമിക്കാനും നിർബന്ധിതമാണല്ലോ ജൈവകോശം. ദൈവം ഇവ്വിധം നിർബന്ധിതാവസ്ഥ ഉള്ളവനാണോ? സദാ പരിവർത്തിക്കപ്പെടുന്നവനാണോ?

2. ബ്രഹ്മം അഥവാ ദൈവമല്ല ജൈവകോശമെങ്കിൽ പിന്നെ അതെന്താണ്? ദൈവത്തിന്റെ സൃഷ്ടിയാണോ? ശൂന്യതയിൽനിന്ന് ഒന്നും ഉണ്ടാവുന്നില്ലെന്നും പുതുതായൊന്നും സൃഷ്ടിക്കപ്പെടുന്നില്ലെന്നുമാണല്ലോ പരിണാമവാദികളും പുനർജന്മസങ്കൽപക്കാരും ഒരേപോലെ അവകാശപ്പെടുന്നത്. അതിന്റെ അർത്ഥം ജൈവകോശം അനാദിയാണെന്നാണല്ലോ. അപ്പോൾ ജൈവകോശവും ദൈവത്തെപ്പോലെ അനാദിയാണോ? എങ്കിൽ ദൈവത്തിന്റെ പ്രസക്തി എന്താണ്? ദൈവവും ജൈവകോശവും തമ്മിലുള്ള ബന്ധമെന്താണ്? രണ്ടും തമ്മിലുള്ള വ്യത്യാസമെന്താണ്?

3. ജൈവകോശം ദൈവത്തിന്റെ സൃഷ്ടിയല്ലെങ്കിൽ അംശമാണോ? എങ്കിൽ ദൈവം അംശിക്കപ്പെടുന്നവനാണോ? ദൈവത്തിന്റെ അംശം അധമസ്ഥിതിയും നീചാവസ്ഥയും പ്രാപിക്കുമോ? അഥവാ, ദൈവത്തിന്റെ സൃഷ്ടിയും അംശവുമല്ല എങ്കിൽ പിന്നെ എന്താണ്? അപ്പോൾ അനാദിയായ ദൈവവും അനാദിയായ ജൈവകോശവുമുണ്ടാവില്ലേ? ഇത് പുനർജന്മവാദികൾ ഊന്നിപ്പറയുന്ന അദ്വൈതസിദ്ധാന്തത്തിന് കടകവിരുദ്ധമല്ലേ?

## സർവ്വശക്തനായ ജീവാത്മാവ്?

പുനർജന്മവാദികളുടെ ഭാഷയിൽ ജൈവകോശം അഥവാ ജീവാത്മാവ് സർവ്വശക്തനെപ്പോലെയാണ്. സ്വാമി അഭേദാനന്ദൻ എഴുതുന്നു: ‘‘ജീവചൈതന്യം അഥവാ ജീവാത്മാവ് അനന്തമായ സാധ്യത ഉൾക്കൊള്ളുന്നതാണ്. ഓരോ ജീവാത്മാവും സ്വന്തം പ്രകൃതിയുടെ ഗ്രന്ഥം താളുകളായി മറിച്ചുനോക്കി. പഠിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ താളുകളും നോക്കിക്കഴിഞ്ഞാൽ-പരിണാമത്തിന്റെ എല്ലാ ഘട്ടങ്ങളും കഴിഞ്ഞാൽ-പരിപൂർണ്ണ ജ്ഞാനം ആർജിച്ചുകഴിയുന്നു. അതോടുകൂടി അതിന്റെ പ്രയാണം അവസാനിക്കുകയും ചെയ്യുന്നു.” (പുനർജന്മം. പേജ്: 58).

‘‘ജീവിതഗ്രന്ഥം വായിക്കുമ്പോൾ ഒരു ജീവാത്മാവ് ഒരു പ്രത്യേകഘട്ടത്തിൽ കൂടുതൽ തൽപരനാണെങ്കിൽ അയാൾ പൂർണതൃപ്തിയാവുന്നതുവരെ അയാൾ പൂർണതൃപ്തിയാവുന്നതുവരെ അവിടെതന്നെ തങ്ങിനിൽക്കും.

തദനന്തരം അയാൾ മുന്നോട്ടുള്ള മറ്റു താളുകൾ വായിക്കും. ഒരാൾ സാവധാനത്തിലായിരിക്കും വായിക്കുന്നത്. മറ്റൊരാൾ ദ്രുതഗതിയിലായിരിക്കും" (ശയശറ പേജ്: 59)

''വേദാന്തമനുസരിച്ച് പരിണാമത്തിന്റെ അന്ത്യവും ലക്ഷ്യവും പൂർണതയുടെ പ്രാപ്തിയാണ്. മൃഗജീവിതത്തിന്റെ ഭൗതിക പരിണാമം പൂർണമാകുന്നത് മനുഷ്യരൂപത്തോടുകൂടിയാണ്....ആത്മീയ പൂർണതയാകട്ടെ അനശ്വരവും സ്വതന്ത്രവും ദിവ്യവുമായ പരമാത്മാവുമായി ജീവാത്മാവ് താദാത്മ്യം പ്രാപിക്കുമ്പോഴാണ് ദൃശ്യമാവുന്നത്. ആത്മാവ് പരിപൂർണ്ണമായി പ്രകാശിക്കുന്നതോടെയാണ് പരിണാമത്തിന്റെ സമുന്നത ലക്ഷ്യം നിറവേറുന്നത്." (ശയശറ പേജ്: 59, 60)

'ജീവാത്മാവ് പരിപൂർണ്ണജ്ഞാനം ആർജിച്ചുകഴിയുന്നതോടുകൂടിയാണ് അതിന്റെ പ്രയാണം അവസാനിക്കുക'യെന്ന് പറയുമ്പോൾ ജീവാത്മാവിന് അപൂർണ്ണ ജ്ഞാനത്തിന്റെ അനേകം ഘട്ടങ്ങളുണ്ടെന്നാണല്ലോ അതിനർഥം. ദൈവം അപൂർണജ്ഞനാവുക സാധ്യമല്ലല്ലോ. അപ്പോൾ ജീവാത്മാവ് ദൈവത്തിന്റെ സൃഷ്ടിയോ അതോ അംശമോ എന്നു തുടങ്ങിയ ചോദ്യങ്ങളെല്ലാം വീണ്ടും ഉത്ഭവിക്കുന്നു. കൂടാതെ നിരവധി പ്രശ്നങ്ങൾ ഉപര്യുക്ത ഉദ്ധരണികൾ ഉയർത്തുന്നുണ്ട്.

1. ജീവാത്മാവ് എല്ലാ ഘട്ടങ്ങളെയും തരണം ചെയ്ത് പരിപൂർണതയുടെ ആത്യന്തിക തലത്തിലെത്തിയാൽ അനശ്വരവും ദിവ്യവുമായ അതിന്റെ യഥാർത്ഥ പ്രകൃതിയെ സാക്ഷാൽക്കരിക്കുമെന്നും പരമാത്മാവിൽ വിലയം പ്രാപിക്കുമെന്നാണല്ലോ പുനർജന്മവാദികളിവിടെ അവകാശപ്പെടുന്നത്. അപ്പോൾ ദൈവം അഥവാ ബ്രഹ്മമാകുന്ന പരമാത്മാവിൽ ലയിക്കുന്ന ജീവാത്മാവ് ദൈവം തന്നെയാണോ? അല്ലാ എങ്കിൽ ദൈവമല്ലാത്ത ഒന്ന് ദൈവത്തിൽ വിലയം പ്രാപിക്കുമോ? ദൈവം, ദൈവവും ദൈവമല്ലാത്തവയും കൂടിച്ചേർന്നതാണോ? ജീവാത്മാവ് ദൈവമാണെങ്കിൽ ദൈവം ഇവ്വിധം ജീവാത്മാക്കളായി അംശിക്കപ്പെടുന്നവനും അപൂർണവും അൽപജ്ഞവുമായ അവസ്ഥയുള്ളവനും ഒട്ടേറെ പരിണാമഘട്ടങ്ങളെ പ്രാപിക്കാൻ നിർബന്ധിതനുമാണോ? ഇത്തരം നിർബന്ധിതാവസ്ഥകളുള്ള ദൈവം സർവ്വശക്തനും നിരാശ്രയനുമാവുന്നതെങ്ങനെ?

2. അനാദിയായ ജീവാത്മാവ് എന്നാണ് സ്ഥൂലപ്രകൃതം സ്വീകരിച്ച് ഏകകോശ ജീവിയായതും തുടർന്ന് പരിണാമമാരംഭിച്ചതും? എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്? അനാദിയിൽ തന്നെ അതിനുള്ള കഴിവ് ജീവാത്മാവിലുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ട് അനാദിയിൽ തന്നെ സ്ഥൂലരൂപം സ്വീകരിച്ചില്ല? അനാദിയിൽ അതിനുള്ള കഴിവ് ഇല്ലായിരുന്നുവെങ്കിൽപിന്നെ ആ കഴിവ് എവിടെനിന്ന്, എങ്ങനെ ലഭിച്ചു? എന്തുകൊണ്ട് സ്ഥൂലരൂപം സ്വീകരിച്ചത് ഒരു പ്രത്യേകഘട്ടത്തിലായി? മുമ്പോ ശേഷമോ ആവാതിരുന്നതെന്തുകൊണ്ട്?

3. ജീവാത്മാവ് വിവിധ ഘട്ടങ്ങൾ തരണംചെയ്ത് സസ്യങ്ങളും മൃഗങ്ങളും മനുഷ്യരുമൊക്കെയായി മാറി പൂർണത പ്രാപിച്ച് പരമാത്മാവിൽ അഥവാ ബ്രഹ്മത്തിൽ വിലയം പ്രാപിച്ചാൽ വീണ്ടും ജീവാത്മാവായി രൂപം പ്രാപിക്കുമോ? ഇല്ലെങ്കിൽ അനാദിയായ ജീവാത്മാവിൽ അനാദിയിൽതന്നെ ഈ പ്രക്രിയകളെല്ലാം പൂർത്തിയാവേണ്ടതായിരുന്നില്ലേ? ജീവാത്മാവ് പൂർണ

തയിലെത്തി പരമാത്മാവിൽ വിലയം പ്രാവിച്ചശേഷം വീണ്ടും ജീവാത്മാവായി സസ്യവും ഇഴജീവിയും മൃഗവുമൊക്കെ ആവണമെങ്കിൽ എന്ത് അർത്ഥവും പ്രയോജനവുമാണുള്ളത്?

4. പരിണാമവാദികൾ പദാർത്ഥം അനാദിയാണെന്നാണല്ലോ അവകാശപ്പെടുന്നത്. പുനർജന്മ സങ്കൽപം ഇത് അംഗീകരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ദൈവത്തെപ്പോലെ അനാദിയായി മറ്റൊന്നുകൂടി ഉണ്ടെന്നുവരില്ലേ? പരിണാമവാദത്തെ അംഗീകരിക്കുന്നില്ലെങ്കിൽ 'പരിണാമത്തിന്റെ സയുക്തികമായ അനന്തരഫലമാണ് പുനർജന്മ'മെന്നും (പുനർജന്മം. പേജ് 64) 'പുനർജന്മം പരിണാമത്തിലധിഷ്ഠിതമാണെന്നും' (ശയശര പേജ്: 72) അവകാശപ്പെടുകയില്ലല്ലോ.

5. വ്യത്യസ്ത രീതിയിൽ പരിണമിക്കുന്നതിനുള്ള പ്രവണതയ്ക്ക് വേദാന്തം യുക്തിയുക്തമായ വിശദീകരണം നൽകിയിരിക്കുന്നുവെന്നാണല്ലോ പുനർജന്മവാദികൾ അവകാശപ്പെടുന്നത്. എന്താണ് ആസയുക്തികമായ വിശദീകരണം? ചില ജീവാത്മാക്കൾ അധമാവസ്ഥയിലും മറ്റു ചിലത് ഉന്നതാവസ്ഥയിലുമാവാൻ കാരണമെന്ത്?

6. ചില ജീവാത്മാക്കൾ ചില പ്രത്യേകഘട്ടങ്ങളിൽ കൂടുതൽ തൽപരമായിരിക്കുമെന്നും ചിലത് സ്വന്തം പ്രകൃതിയുടെ ഗ്രന്ഥത്താളുകൾ വേഗവും മറ്റുചിലത് സാവധാവുമാണ് മറിക്കുകയെന്നുമാണല്ലോ പുനർജന്മവാദികൾ അവകാശപ്പെടുന്നത്. ജീവാത്മാക്കൾ ഇവ്വിധം വ്യത്യസ്ത സ്വഭാവത്തിലാവാൻ കാരണമെന്ത്?

സാധാരണഗതിയിൽ മതപ്രമാണങ്ങളെയും വിശ്വാസകാര്യങ്ങളെയും യുക്തിയുടെയും ന്യായത്തിന്റെയും അടിസ്ഥാനത്തിൽ ചോദ്യം ചെയ്യുന്നതിലർഥമില്ല. ഇവ ഇന്ദ്രിയാതീതമായ അഭൗതികകാര്യങ്ങളാണല്ലോ. എന്നിട്ടും പുനർജന്മസങ്കൽപത്തെ ഇവ്വിധം ചോദ്യം ചെയ്യാൻ കാരണം അതിൻരെ വക്താക്കളുടെ അതിരുകടന്ന അവകാശവാദമാണ്. ഉയിർത്തെഴുന്നേല്പ് സിദ്ധാന്തം ശാസ്ത്രീയമല്ലെന്ന് വാദിക്കുന്ന പുനർജന്മവാദികൾ തങ്ങളുടേത് സയുക്തികവും തികച്ചും ശാസ്ത്രീയവുമാണെന്ന് അവകാശപ്പെടുന്നു. സ്വാമി അഭേദാനന്ദൻ എഴുതുന്നു: ''പുനർജന്മസിദ്ധാന്തം വളരെ യുക്തിയുക്തവും തൃപ്തികരവുമാണ്. എന്നാൽ, ഉയിർത്തെഴുന്നേൽപ്പ് സിദ്ധാന്തം ശാസ്ത്രസത്യത്തിലധിഷ്ഠിതമല്ലെന്നതുകൊണ്ടും ജനനമരണങ്ങൾക്കുള്ള കാരണം സയുക്തികം വിശദീകരിക്കാൻ അത് സമർത്ഥമാകുന്നില്ലെന്നതുകൊണ്ടും അംഗീകാര്യമല്ല. പുനർജന്മസിദ്ധാന്തം മനുഷ്യമനസ്സിലുദിക്കുന്ന എല്ലാ സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും ശാസ്ത്രീയവും സയുക്തികവുമായ മറുപടി നൽകുന്നു.'' (ശയശര പേജ്: 78, 79)

അതിനാൽ ഉപര്യുക്ത ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ പുനർജന്മവാദികൾ ബാധ്യസ്ഥരാണ്.

# അർഥശൂന്യമായ അവകാശവാദങ്ങൾ

മുൻജന്മത്തിലെ പ്രബലങ്ങളായ അനുഭവങ്ങളും സ്വഭാവങ്ങളും അഭിലാഷങ്ങളും അഭിരുചികളുമാണ് മനുഷ്യന്റെ ഭാഗധേയം നിർണയിക്കുന്നതെന്ന് പുനർജന്മവാദികൾ അവകാശപ്പെടുന്നു. പ്രപഞ്ച ഘടനയിലെ ദൈവേച്ഛയെയും വിധിയെയും അവർ തീർത്തും നിരാകരിക്കുകയും ചെയ്യുന്നു. പന്ത്രണ്ടാമത്തെ വയസ്സിൽതന്നെ പാസ്കലിനു പ്ലെയിൻ ജ്യോമട്രിയുടെ മിക്ക ഭാഗങ്ങളും മനസ്സിലാക്കാൻ ആട്ടിടയനായിരുന്ന മെംഗിയാമിലോവിന് അഞ്ചാമത്തെ വയസ്സിൽ ഗണിതയന്ത്രംപോലെ കണക്കുകൂട്ടാൻ കഴിഞ്ഞതും മൊസാർട്ട് നാലാമത്തെ വയസ്സിൽ രണ്ടുഗാനങ്ങൾക്കുതകുന്ന ഗീതകവും എട്ടാമത്തെ വയസ്സിൽ ഓപ്പറെയും രചിച്ചതും 'തെറീസ്സമില്ലാനോല്ല' കൊച്ചുനാളിൽ വയലിൻ വായിച്ചതും അന്ധനായ നീഗ്രോ അടിമ ടോമി, പീയാനോ വായിച്ച് സംഗീതമാലപിച്ചതും മുൻജന്മത്തിലാർജിച്ച കഴിവുകൊണ്ടാണെന്നും കുട്ടികളിൽ കാണപ്പെടുന്ന ഇത്തരം അത്ഭുതസിദ്ധികളെ യുക്തിസഹമായി വ്യാഖ്യാനിക്കാൻ പുനർജന്മ സിദ്ധാന്തത്തിനുമാത്രമേ സാധിക്കുകയുള്ളൂവെന്നും സ്വാമി അഭേദാനന്ദൻ വാദിക്കുന്നു. (പുനർജന്മം പേജ്: 42:44)

എന്നാൽ, കുട്ടികളിലും എന്തുകൊണ്ട് ഇത്തരത്തിലുള്ള എന്തെങ്കിലും കഴിവുകൾ ശൈശവത്തിലും ബാല്യത്തിലും കാണപ്പെടുന്നില്ലെന്ന കാര്യം പുനർജന്മവാദികൾ വിശദീകരിക്കുന്നില്ല. ഏതെങ്കിലും തരത്തിലുള്ള കഴിവുനേടിയാണല്ലോ എല്ലാവരും മരണമടയുന്നത്. അവരൊക്കെയും വരുജന്മത്തിൽ ശൈശവത്തിൽതന്നെ അവ പ്രകടിപ്പിക്കേണ്ടതല്ലേ? പുനർജന്മത്തിൽ ശിശുക്കളും ബാലൻമാരുമൊക്കെയായിരിക്കതന്നെ, കഴിഞ്ഞ ജന്മത്തിലെ നീന്തൽക്കാർ നീന്തലറിയുന്നവരും ശാസ്ത്രജ്ഞൻ ശാസ്ത്രജ്ഞാനമുള്ളവരും ചിത്രകാരൻമാർ ചിത്രം വരയ്ക്കുന്നവരും ആവേണ്ടതല്ലേ? പുനർജന്മവേളയിൽ കൊച്ചുകുട്ടികളായിരിക്കതന്നെ ഷേക്സ്പിയർ നാടകരചനയിലും മിൽട്ടൺ കവിതയെഴുത്തിലും പിക്കാസോ ശിൽപനിർമാണത്തിലും വൈദഗ്ധ്യം പ്രകടിപ്പിക്കേണ്ടതല്ലേ? എട്ട് എന്ന അക്കമെടുത്ത് അതിനെ 16 മടങ്ങുവരെ ഉയർത്തി അതിന്റെ ഫലമായ പതിനഞ്ച് അക്കമുള്ള 281, 479, 976, 710, 656 എന്ന സംഖ്യ പെട്ടെന്ന് പറയുകയും ലക്ഷക്കണക്കിന് അക്കങ്ങൾ വരുന്ന ചില സംഖ്യകളുടെ ക്യൂബ് റൂട്ടുകൾ നിമിഷങ്ങൾക്കൊണ്ട് കണ്ടെത്തുകയും 48 വർഷത്തിന് എത്ര മിനിറ്റാണെന്ന ചോദ്യത്തിന് നിമിഷം കൊണ്ട് 25,288, 800 എന്ന ഉത്തരം നൽകുകയും ചെയ്ത 'സീറോ കോൾബ്ന്'

അതിനു സാധിച്ചത് കഴിഞ്ഞ ജന്മത്തിലാർജിച്ച കഴിവുകാരണമാണെങ്കിൽ (പുനർജന്മം പേജ് 42) അത്തരം യോഗ്യതകളുള്ള ആരെങ്കിലും മുമ്പ് ജീവിച്ചിരിക്കണമല്ലോ. എന്നാൽ ഈ വിധം അത്ഭുതസിദ്ധികളുള്ള ആരെങ്കിലും എന്നെങ്കിലും എവിടെയെങ്കിലും ജീവിച്ചതായി ചരിത്രത്തിൽ ഒരിക്കലും രേഖപ്പെടുത്തപ്പെട്ടിട്ടില്ല.

ശൈശവത്തിലും ബാല്യത്തിലും മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നത് കഴിഞ്ഞ ജന്മത്തിൽ നേടിയ കഴിവിന്റെ പ്രകാശനമാണെങ്കിൽ അത് വളരെ സ്വാഭാവികവും സാധാരണവുമാവേണ്ടതല്ലേ? അത്തരം സിദ്ധികൾ ഏവരാലും ശ്രദ്ധിക്കപ്പെടുമാറ് അത്യപൂർണവും അതീവ വിസ്മയകരവുമാവാൻ കാരണമെന്ത്? ഇത്തരം നിരവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ പുനർജന്മവാദികൾക്ക് സാധിച്ചിട്ടില്ല.

## മൃഗങ്ങളുടെ പുണ്യ-പാപങ്ങൾ

സ്വാമി അഭേദാനന്ദൻ എഴുതുന്നു: ''ആരെങ്കിലും നീചപ്രകൃതിയെ ഉയർന്ന പ്രകൃതികൊണ്ട് കീഴ്പ്പെടുത്തുന്നതിൽ വിജയിച്ചില്ലെങ്കിൽ മുജ്ജന്മത്തിൽ ഏതു നിലവരെ എത്തിയിരുന്നുവോ ആ നിലയിൽ നിന്ന് അവന് അടുത്തജന്മത്തിൽ വീണ്ടും ആരംഭിക്കാവുന്നതാണ്. അവന് ആരംഭം മുതൽക്കുതന്നെ തുടങ്ങി വരുന്നില്ല. എത്തിച്ചേർന്ന് ആ ഘട്ടം മുതൽ ആരംഭിക്കാം" (ശയശറ പേജ് 64). ''വേദാന്തമതമനുസരിച്ച് പരിണാമത്തിന്റെ അന്ത്യവും ലക്ഷ്യവും പൂർണതയുടെ പ്രാപ്തിയാണ്. മൃഗജീവിതത്തിന്റെ ഭൗതിക പരിണാമം പൂർണമാവുന്നത് മനുഷ്യരൂപത്തോടുകൂടിയാണ്. (ശയശറ പേജ് 59)

മൃഗങ്ങൾക്ക് നന്മയും തെറ്റും ശരിയും തീരുമാനിക്കാനും തെരഞ്ഞെടുക്കാനും സാധ്യതയും സ്വാതന്ത്ര്യവും ഇല്ലാതിരിക്കെ, മൃഗങ്ങൾ മനുഷ്യരായി പുനർജനിക്കുമ്പോൾ എല്ലാവരും ഒരേ നിലവാരത്തിലും സ്വഭാവത്തിലും അവസ്ഥയിലും ആവേണ്ടതല്ലേ? വമ്പിച്ച വ്യത്യാസവും വൈവിധ്യവും ഉണ്ടാവാൻ കാരണമെന്ത്? മൃഗം മനുഷ്യനായി മാറുമ്പോൾ ചിലർ കൊലയാളികളും കൊള്ളക്കാരും കൊള്ളരുതാത്തവരായി മാറുന്നതെന്തുകൊണ്ട്? മൃഗമായിരിക്കെ, എന്തു തെറ്റു ചെയ്തതിന്റെ പേരിലാണ് അങ്ങനെ സംഭവിക്കുന്നത്? മനുഷ്യനായി പുനർജനിക്കുമ്പോൾ വിശുദ്ധനും പുണ്യവാനുമാകാൻ മൃഗം അനുഷ്ഠിക്കേണ്ട സുകൃതം ഏതാണ്? ഇക്കാര്യങ്ങളൊക്കെയും വിശദീകരിക്കാൻ പുനർജന്മവാദികൾ ബാധ്യസ്ഥരാണ്. അവരുടെ അവകാശമനുസരിച്ച് നിരവധി യേശുമാരും ബുദ്ധൻമാരും ഉണ്ടായിരിക്കണം. സ്വാമി അഭേദാനന്ദൻ എഴുതുന്നു: ''ഏതു വ്യക്തിയും ഈ ജീവിതത്തിലോ യേശുവിനെപ്പോലെയെ ബുദ്ധനെപ്പോലെയോ അഥവാ സ്വർഗസ്ഥനായ പിതാവിനെപ്പോലെയോ സമ്പൂർണ്ണത പ്രാപിക്കുകയും ദിവ്യത്വം പ്രകാശിപ്പിക്കുകയും ചെയ്യുമെന്ന് പുനർജന്മസിദ്ധാന്തം പ്രബോധിപ്പിക്കുന്നു." (ശയശറ പേജ് 76).

യേശുവും ബുദ്ധനുമെല്ലാം ചരിത്രത്തിലെ അത്യപൂർവ്വ വ്യക്തിത്വങ്ങളായിരുന്നു. അവരെത്തിയ വിതാനവും പദവിയും സ്വയമാർജിക്കാൻ ആർക്കും സാധ്യമല്ല. അവരും അതൊന്നും സ്വയമാർജിച്ചവയല്ല. ദൈവമവർക്ക് കനിഞ്ഞരുളിയവയാണ്.

## കർമങ്ങളുടെ സ്വതന്ത്രകർത്താക്കളോ?

ഉയിർത്തെഴുന്നേൽപ് സിദ്ധാന്തം വിധിവിശ്വാസത്തിലധിഷ്ഠിതമാണെന്ന് ആരോപിച്ച് വിമർശന വിധേയമാക്കുന്ന പുനർജന്മവാദികൾ, തങ്ങളുടെ സങ്കൽപമനുസരിച്ച് മനുഷ്യർ കർമങ്ങളുടെ സ്വതന്ത്രകർത്താക്കളാണെന്ന് അവകാശപ്പെടുന്നു. ''മാനസികങ്ങളായ വിചാരങ്ങൾ നല്ലതാണെങ്കിൽ അവയ്ക്കു നല്ല പ്രതികരണവും ദുഷിച്ചതാണെങ്കിൽ അവയ്ക്കു ദുഷിച്ച പ്രതികരണവുമുണ്ടാകുന്നു. ഓരോ കർമവും തത്തുല്യമായ പ്രതികരണത്തെ സൃഷ്ടിക്കുന്നു. സന്തുഷ്ടിയും സമാധാനവുമുണ്ടാക്കുന്നത് നല്ല കർമങ്ങളും അസന്തുഷ്ടിയും അസമാധാനവും ഉളവാക്കുന്നത് ദുഷിച്ച കർമങ്ങളുമാണ്. പുനർജന്മം നമ്മെ കർമ്മങ്ങളുടെ ഭോക്താക്കളുമാക്കിത്തീർക്കുന്നു.''(ശയശറ പേജ് 74).

ഇത് ഇരുട്ടുകൊണ്ട് ഓട്ടയടക്കാനുള്ള ശ്രമമാണ്. പുനർജന്മസിദ്ധാന്തമനുസരിച്ച് മനുഷ്യൻ കർമങ്ങളുടെ സ്വതന്ത്ര കർത്താവല്ല. കഴിഞ്ഞ ജന്മത്തിലെ, അഥവാ ഭൂതകാലത്തിലെ കർമങ്ങളുടെ ഫലമനുസരിച്ച് പ്രവർത്തിക്കാനും ജീവിക്കാൻ വിധിക്കപ്പെട്ടവനും നിർബന്ധിതനുമാണ്. ആ ഭൂതകാലത്ത് അതിനുമുമ്പുള്ള ഭൂതത്തിലെ അഥവാ ജന്മത്തിലെ കർമങ്ങളുടെ ഫലം പിന്തുടരാൻ ബാധ്യസ്ഥനാണ്. ആ ജന്മത്തിൽ അതിനു മുമ്പുള്ള ജന്മത്തിലെയും അതിനാൽ പുനർജന്മസിദ്ധാന്തമനുസരിച്ച് എല്ലാ മനുഷ്യരും തീർത്തും അസ്വതന്ത്രരും ഭൂതകാലത്തിന്റെ തടവുപുള്ളികളുമാണ്. ആ ഭൂതകാലമോ അതിന്റെ മുമ്പത്തെ ഭൂതത്താൽ ബന്ധിതവും. ഇക്കാര്യം അംഗീകരിക്കാൻ സ്വാമി അഭേദാനന്ദൻ തന്നെ നിർബന്ധിതനായിരിക്കുന്നു: ''ആത്മാവ് ആകസ്മികമായി ഉത്ഭൂതമായതോ പ്രഥമമായി സൃഷ്ടിക്കപ്പെട്ടതോ ആണെന്ന ആശയത്തെ പുനർജന്മസിദ്ധാന്തം നിരാകരിക്കുന്നു. അനാദിയായ ഭൂതകാലം മുതൽക്കുതന്നെ അത് നിലനിന്നുവരുന്നുവെന്നും അനന്തതയിലൂടെ അത് തുടർന്നു നിലനിൽക്കുമെന്നും പുനർജന്മസിദ്ധാന്തം പറയുന്നു. ജീവാത്മാവ് അതിന്റെ കർമഗതിക്കനുസരിച്ച് സുഖിക്കുകയും ചെയ്യുന്നു. എല്ലാ സുഖദുഃഖങ്ങളും നമ്മുടെ കർമങ്ങളുടെ പ്രതികരണങ്ങളാണ്. കർമങ്ങൾ കാരണങ്ങളും പ്രതികരണങ്ങൾ ഫലങ്ങളുമാണ്. നമ്മുടെ വർത്തമാനജീവിതം ഭൂതകാലങ്ങളുടെ ഫലമാണ്. ഭാവിജീവിതമാകട്ടെ വർത്തമാനങ്ങളുടെ ഫലവും. ഇപ്പോൾ നാം ചെയ്യുന്ന കർമങ്ങളൊന്നും നഷ്ടമായിപ്പോകുന്നില്ല.'' (Ibid പേജ് 73).

നാം കർമങ്ങളൊന്നും ചെയ്യുന്നില്ലെന്നല്ലേ ഇത് തെളിയിക്കുന്നത്? നാം എപ്പോഴും ഭൂതകാലകർമങ്ങളുടെ ഫലം അനുഭവിച്ചുകൊണ്ടിരിക്കുകയല്ലേ? ആ ഭൂതകാലത്തിലും കർമങ്ങൾ സ്വയമൊന്നും ചെയ്തിട്ടില്ലല്ലോ. അതിനു മുമ്പത്തെ ഭൂതകാലകർമങ്ങളുടെ ഫലമനുഭവിച്ചിട്ടല്ലേയുള്ളൂ. ആ അനന്ത ഭൂതകാലങ്ങളിലെല്ലാം അതുതന്നെയല്ലേ സംഭവിച്ചുകൊണ്ടിരിക്കുന്നത്? അതിനാൽ പുനർജന്മസിദ്ധാന്തത്തിൽ മനുഷ്യർ കർമങ്ങളുടെ സ്വതന്ത്ര കർത്താവാണെന്ന വാദം തീർത്തും തെറ്റാണ്. എന്നും ഏതവസ്ഥയിലും ഭൂതകാലത്താൽ വരിഞ്ഞുമുറുക്കപ്പെട്ട, അനങ്ങാനാവാത്ത വിധം അസ്വതന്ത്രനായ തടവുപുള്ളിയാണ്. ഇക്കാര്യം സ്വാമി അഭേദാനന്ദൻതന്നെ ഒന്നുകൂടി വ്യക്തമാക്കുന്നു. ''പൗരാണികഭാരതത്തിലെ ചിന്തകരും തത്വാന്വേഷികളുമായ ഋഷീശ്വരൻമാർ താന്താങ്ങളുടെ പുണ്യപാപകർമങ്ങൾക്കനുസരിച്ച ശരീരം സ്വീകരിക്കാൻ ഓരോ ജീവാത്മാവും അലംഘ്യമായ പ്രകൃതിനിയമത്താൽ നിർബ

സ്ഥിതമാണെന്നും സ്വഭാവ പ്രവണതകൾക്കനുസരിച്ച് ഇഷ്ടംപോലെയുള്ള ശരീരങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവയ്ക്കില്ലെന്നും അസന്നിഗ്ധമായ ഭാഷയിൽ പറയുന്നു... മനുഷ്യാത്മാവിന്റെ ഭാഗധേയത്തിനു ഹേതുഭൂതമായ തത്വമേതെന്നു വിശദീകരിക്കാൻ പൗരാണിക ഭാരതീയ ചിന്തകൻമാർ കർമസിദ്ധാന്തത്തെയാണ് പ്രയോജനപ്പെടുത്തിയിട്ടുള്ളത്. പുനർജന്മസിദ്ധാന്തം അധിഷ്ഠിതമായിട്ടുള്ളതും ഈ നിയമത്തിൽ തന്നെയാണ്. മനുഷ്യാത്മാവ് അലംഘ്യമായ ഈ നിയമത്തിനു വിധേയമാണ്. അതിനെ അനുസരിക്കാതിരിക്കാൻ ജീവാത്മാവിനു സാധ്യമല്ല. ജീവന്റെ ഭാവി സ്വതന്ത്രമായ നിർധാരണത്തെ ആശ്രയിച്ചല്ല നിൽക്കുന്നത്. മുജ്ജന്മത്തിലെ ചിന്തകളുടെയും പുണ്യപാപങ്ങളുടെയും പരിമിതിയിലും നിയന്ത്രണത്തിലുമാണ് അത് സ്ഥിതി ചെയ്യുന്നത്.” (ശയശറ പേജ് 87-89). ആ മുജ്ജന്മം അതിന്റെ മുജ്ജന്മത്തിലെയും. അതിനാൽ മനുഷ്യൻ പുനർജന്മവാദമനുസരിച്ച് അനന്തമായ ഒരു വലയത്തിലെ, വിചാരവികാരങ്ങളിലും വാചാകർമങ്ങളിലുമെല്ലാം തീർത്തും അസ്വതന്ത്രനും ഒരുവിധ തെരഞ്ഞെടുപ്പിനും ഒട്ടും അവസരമില്ലാത്തവനുമായ ഒരു കണ്ണിയത്രെ.

## ബാലിശബുദ്ധി ആരുടെ?

പുനർജന്മസിദ്ധാന്തത്തെ അംഗീകരിക്കാത്തവരെ അതിരൂക്ഷമായി ആക്ഷേപിച്ചുകൊണ്ട് സ്വാമി അഭേദാനന്ദൻ എഴുതുന്നു: ‘‘ധനം, പ്രശസ്തി എന്നിവയുടെ മായാവലയത്തിൽപെട്ടു ചിന്താശൂന്യനായിക്കഴിയുന്ന ബാലിശബുദ്ധിക്ക് പുനർജന്മസിദ്ധാന്തം എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നതല്ല. മരണത്തോടെ സർവവും അവസാനിക്കുന്നുവെന്ന ചിന്തയോടുകൂടി അവൻ വീണ്ടും വീണ്ടും മൃത്യുവിന്നിരയായിക്കൊണ്ടേയിരിക്കുന്നു.’‘(ശയശറ പേജ് 79).

ചിന്താശൂന്യമായ ഈ ബാലിശബുദ്ധി ഭൂതകാലജീവിതത്തിന്റെ ഫലമല്ലേ? ആ ഭൂതകാലം അതിന്റെ മുമ്പത്തെ ഭൂതകാലത്തിന്റെയും. ഇവിടെ ഈ ബാലിശബുദ്ധിയുടെ ഉടമ എന്തുപിഴച്ചു? മൃഗം മനുഷ്യനായി മാറിയപ്പോൾ ബാലിശബുദ്ധിയായതെന്തുകൊണ്ട്? മൃഗം ആ തെറ്റുചെയ്യാൻ കാരണമോ? ബാലിശബുദ്ധി പിന്നെയും പിന്നെയും ബാലിശബുദ്ധിയായി ജനിച്ച് മൃത്യുവിന്നിരയാവുമെങ്കിൽ അക്രമവും അനീതിയും കൊള്ളയും കൊലയുമൊക്കെ നടത്തുന്നവരും എല്ലാ ജന്മത്തിലും ആ വിധം തന്നെയല്ലേ ആവുക? ആ അവസ്ഥയ്ക്ക് മാറ്റമുണ്ടാവുക എപ്പോഴാണ്? എങ്ങനെയാണ്? ബാലിശബുദ്ധി പ്രബലബുദ്ധിയാവുക. എപ്പോൾ? എങ്ങനെ? ‘‘പുനർജന്മസിദ്ധാന്തം വളരെ യുക്തിയുക്തിവും തൃപ്തികരവുമാണെന്ന്” (ശയശറ പേജ് 78) അവകാശപ്പെടുന്നവർ ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ബാധ്യസ്ഥരാണ്. ഒപ്പം ബാലിശബുദ്ധി ഏതാണെന്ന് ആലോചിക്കാനും.

# ജാതിവ്യവസ്ഥയ്ക്കു ന്യായീകരണം

പുറമെനിന്നുള്ള ഇടപെടലില്ലാതെത്തന്നെ ജീവാത്മാവിൽ നിലീനമായ കഴിവുകൾ സ്വയം പ്രകാശിതമാകുമെന്ന് മുൻജന്മവാദികൾ അവകാശപ്പെടുന്നു. ജീവാത്മാവല്ലാത്ത ഒന്നും പ്രപഞ്ചത്തിനു പിന്നിലില്ലെന്നാണല്ലോ ഇതിന്റെ അർത്ഥം. എങ്കിൽ ദൈവം അഥവാ ബ്രഹ്മമെന്ന പരമാത്മാവിന്റെ പ്രസക്തി എന്താണ്? ജീവാത്മാവിൽതന്നെ സർവ്വസവും നിലീനമെങ്കിൽ അവ എങ്ങനെ എപ്പോൾ, എന്തുകൊണ്ട് പ്രകാശിതമാകുന്നു. ഈ പ്രശ്നത്തിന് പരിഹാരം കാണാനാർക്കും സാധ്യമല്ലെന്ന് 'പുനർജന്മസിദ്ധാന്തം മനുഷ്യമനസ്സിലുദിക്കുന്ന എല്ലാ സംശയങ്ങൾക്കും പ്രശ്നങ്ങൾക്കും ശാസ്ത്രീയവും സയുക്തികവുമായ ഉത്തരം നൽകുന്നുണ്ടെന്ന്' വാദിച്ച സ്വാമി അഭേദാന്ദൻ തന്നെ തുറന്നുസമ്മതിക്കുന്നുണ്ട്. ''പ്രകൃതി സ്വയം പൂരിപ്പിക്കുന്നത് പുറമെനിന്നല്ല; ഉള്ളിൽനിന്നുതന്നെയാണ്. ജീവാത്മാവിനോട് പുറമെനിന്ന് യാതൊന്നും കൂടുതലായി കൂട്ടിച്ചേർക്കപ്പെടുന്നില്ല. ജീവബീജം അവിടെതന്നെയുണ്ട്. അതിന്റെ വികാസമാകട്ടെ ഉചിതമായ പ്രകാശനത്തിന് ആവശ്യമായ പരിതഃസ്ഥിതികളുമായുള്ള സമ്പർക്കത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു ദുഷ്ടൻ പൊടുന്നനവെ ദിവ്യനായിത്തീരുന്നത് ചിലപ്പോൾ നാം കാണുന്നു. കൊലപാതകികളും കവർച്ചക്കാരും ദിവ്യൻമാരുമായിത്തീരുന്നതിന് ഉദാഹരണങ്ങളുണ്ട്. ഒരു മതവിശ്വാസി, ഈ പൊടുന്നനവെയുള്ള മാറ്റത്തെ വിശദീകരിക്കുന്നത് സർവശക്തൻ തന്റെ കാരുണ്യം അവന്റെ മേൽ വർഷിച്ചതിന്റെ ഫലമായി പെട്ടെന്ന് അവന്റെ മുഴുവൻ പ്രകൃതിയും രൂപപ്പെട്ടുവെന്ന് പറഞ്ഞുകൊണ്ടാണ്. എന്നാൽ വേദാന്തം പറയുന്നത് അവനിൽ അന്തർലീനമായിരുന്ന ധാർമികവും ആത്മീയവുമായ ശക്തികൾ പെട്ടെന്നുണർത്തപ്പെട്ടതിന്റെ ഫലമായി പൊടുന്നനവെ അവർ രൂപാന്തരപ്പെട്ടുവെന്നാണ്. സുപ്തമായിക്കിടക്കുന്ന ഈ ശക്തികൾ എങ്ങനെ, എപ്പോൾ ഉണരുകയും പ്രകാശിക്കുകയും ചെയ്യുന്നുവെന്ന് ആർക്കും പറയാനാവില്ല.'' (പുനർജന്മം പേജ്, 57, 58).

പുനർജന്മസങ്കൽപവും അതിന്നടിസ്ഥാനമായ വേദാന്തവും മതം പരിചയപ്പെടുത്തുന്ന സർവ്വശക്തനും കാരുണ്യവാനുമായ ഈശ്വരന്റെ പ്രപഞ്ച സൃഷ്ടിയിലും ഘടനയിലുമുള്ള ഇടപെടലിനെ അംഗീകരിക്കുന്നില്ലെന്നാണല്ലോ ഇത് അസന്ദിഗ്ധമായി വ്യക്തമാക്കുന്നത്. ഇതാണ് വേദാന്തമെങ്കിൽ ഈ വേദാന്തവും ദൈവനിഷേധപരമായ പദാർത്ഥവാദവും തമ്മിൽ മൗലികമായ എന്തെങ്കിലും അന്തരമുണ്ടോ? പേരിൽമാത്രമാണ് മാറ്റമെന്നതല്ലേ

വസ്തുത. ഭൗതികവാദികൾ പദാർത്ഥമെന്ന് വിളിക്കുന്നതിനെ പുനർജന്മവാദികൾ ജീവാത്മാവ് അല്ലെങ്കിൽ ചൈതന്യമെന്ന് നാമകരണം ചെയ്യുന്നു. അതുകൊണ്ടുതന്നെയായിരിക്കാം പുനർജന്മസങ്കൽപക്കാർക്ക് മതനിരാസത്തില ധിഷ്ഠിതവും ഭൗതികവാദപരവുമായ പ്രപഞ്ചവ്യാഖ്യാനത്തെ ശാസ്ത്രീയ മെന്ന് വിശേഷിപ്പിച്ച് അംഗീകരിക്കാനും പിന്തുണക്കാനും സാധിക്കുന്നത്. സ്വാമി അഭേദാനന്ദൻ എഴുതുന്നു: ''ശാസ്ത്രം നമ്മോട് പറയുന്നത് ശൂന്യതയിൽനിന്ന് പൊടുന്നനെയുള്ള സൃഷ്ടിയും സമ്പൂർണ്ണനാശവും രണ്ടും അസാധ്യമാണെന്നാണ്. പദാർത്ഥവും ചൈതന്യവും രണ്ടും നശിപ്പിക്കപ്പെടാൻ കഴിയാത്തവയാണ്. ശാസ്ത്രം പഠിപ്പിക്കുന്നത് പരിണാമമമെന്നാണ്; സൃഷ്ടിയെന്നല്ല. പ്രാതിഭാസിക പരിണാമങ്ങളിൽ അലൗകിക ശക്തികളുടെ സ്വാധീനത്തെ ശാസ്ത്രം നിരാകരിക്കുന്നു. ഉയിർത്തെഴുന്നേല്പ് സിദ്ധാന്തമാകട്ടെ ആധുനികശാസ്ത്രത്തിന്റെ ആത്യന്തിക നിയമങ്ങളെയെല്ലാം അവഗണിക്കുകയാണ്. എന്നാൽ പുനർജന്മസിദ്ധാന്തമാകട്ടെ ആധുനിക ശാസ്ത്രത്തിന്റെ ആത്യന്തിക നിയമങ്ങളെയെല്ലാം അവഗണിക്കുകയാണ്. എന്നാൽ പുനർജന്മസിദ്ധാന്തമാകട്ടെ ആധുനികശാസ്ത്രം കണ്ടുപിടിച്ചിട്ടുള്ള എല്ലാ പ്രകൃതി സത്യങ്ങളെയും നിയമങ്ങളെയും അംഗീകരിക്കുന്നതോടുകൂടി അവയെ സയുക്തികമായ നിഗമനങ്ങളിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്. പുനർജന്മം പരിണാമത്തിലധിഷ്ഠിതമാണ്'' (ibid പേജ് 72.)

ശാസ്ത്രത്തെ സംബന്ധിച്ച ഈ അവകാശവാദം അബദ്ധപൂർണമാണ്. ശാസ്ത്രം സൃഷ്ടിയെ നിഷേധിക്കുന്നില്ല എന്നല്ല, ആധുനികശാസ്ത്രം അതിനെ അംഗീകരിക്കുകയാണ് ചെയ്യുന്നത്. നിർമാണവും സമ്പൂർണനാശവും നടക്കാത്തത് പദാർത്ഥനിഷ്ഠമായ ഈ പ്രപഞ്ചത്തിനുള്ളിലാണ്. എന്നാൽ പ്രപഞ്ചം തന്നെ സൃഷ്ടിയും നാശത്തിനു വിധേയവുമാണെന്നാണ് മതം പറയുന്നത്. പ്രപഞ്ചഘടനയുടെ ഭാഗമായി നിന്നുകൊണ്ട് അതിനെക്കുറിച്ച് അഭിപ്രായം പറയുന്നതിലർഥമില്ല. അതുകൊണ്ടുതന്നെയാണ് കാര്യബോധമുള്ള ശാസ്ത്രജ്ഞർ പ്രപഞ്ചത്തിനു പിന്നിലെ സ്രഷ്ടാവിനെ നിരാകരിക്കാനോ നിഷേധിക്കാനോ മുതിരാത്തത്. സർ ഐസക് ന്യൂട്ടൻ പറയുന്നു: ''സൂര്യനും ചന്ദ്രനും ഉൽക്കളും ഉൾപ്പെട്ട ഏറ്റവും മനോഹരമായ പ്രപഞ്ചമാകുന്ന ഈ മഹായന്ത്രം ബുദ്ധിമാനായ ഒരു വ്യക്തിയുടെ കരുതലും ശക്തിയും മുഖേനയല്ലാതെ മറ്റൊരു വിധത്തിലും ഉണ്ടാകുന്നില്ല'' (Natural Theology page: 48) ഉദ്ധരണം: നിരീശ്വരവാദഖണ്ഡനം പേജ് 57)

വിശ്രുത പ്രകൃതിശാസ്ത്രജ്ഞനും നിരവധി ശാസ്ത്രഗ്രന്ഥങ്ങളുടെ കർത്താവുമായ സ്റ്റിവർട്ട് രേഖപ്പെടുത്തുന്നു: ''ദൈവമുണ്ടെന്നും അവനാണ് സർവവസ്തുക്കളുടെയും സ്രഷ്ടാവും പരിപാലകനെന്നുമുള്ള വസ്തുത എത്രയും വ്യക്തമാണെന്നാണ് നമ്മുടെ അഭിപ്രായം.'' (Unseen Universe page: 47 ഉദ്ധരണം നിരീശ്വരവാദ ഖണ്ഡനം പേജ്: 57) ജി.ജി. സ്റ്റെയ്ക്സ് പറയുന്നു: ''ഒരു സംവിധായകനെകൂടാതെ സംവിധാനം ഉണ്ടാവുകയാണെങ്കിൽ പ്രകൃതിയെപ്പറ്റി നാം പഠിക്കുമ്പോൾ കാണുന്ന സംവിധാനത്തിനും ആധാരമായ ഒരു ശിൽപി ഉണ്ടാവേണ്ടതനിവാര്യമാണ്.'' (Burnelt Lectures page: 327).

അനാദിയായ പദാർത്ഥം വിസ്ഫോടനം സംഭവിക്കുമാറ് അളക്കാനാവാത്ത ഊഷ്മാവിലും സാന്ദ്രതയിലും എത്തിയതെങ്ങനെ എന്ന ചോദ്യത്തിന് പദാർത്ഥവാദികൾക്ക് ഉത്തരമില്ലാത്തപോലെ തന്നെ അനാദിയായ ജീവാ

ത്മാവ് പരിണമിക്കാൻ തുടങ്ങിയതെന്തുകൊണ്ട് എന്നു തുടങ്ങി നിരവധി ചോദ്യങ്ങൾക്ക് മറുപടി നൽകാൻ പുനർജന്മവാദികൾക്കും സാധ്യമല്ല.

നാം ജീവിക്കുന്ന ലോകത്ത് അറുനൂറുകോടിയിലേറെ മനുഷ്യരുണ്ട്. അവരിലോരോരുത്തർക്കും പരസ്പരം തിരിച്ചറിയാൻ കഴിയാൻ കഴിയുമാറ് പരസ്പരം തിരിച്ചറിയാൻ കഴിയുമാറ് മറ്റാർക്കുമില്ലാത്ത മുഖവും കൈവിരലും ഗന്ധവും രക്തവും തലമുടിയുമെല്ലാമുണ്ട്. പദാർത്ഥങ്ങളുടെ പരിണാമങ്ങളിലൂടെ അത്യന്തം അത്ഭുതകരവും ആസൂത്രിതവുമായ ഈ ഘടന എങ്ങനെ ഉണ്ടായി എന്ന് വിശദീകരിക്കാൻ ഭൗതികവാദികൾക്ക് ഇന്നോളം സാധിച്ചിട്ടില്ല. അപ്രകാരം തന്നെ ലോകത്തിലെ കോടാനുകോടി ജീവജാലങ്ങൾ തീർത്തും വ്യത്യസ്തവും വ്യതിരിക്തവുമായ രൂപങ്ങളോടുകൂടിയാകാൻ സാധിക്കുംവിധം കോടാനുകോടി ജീവാത്മാക്കളിലോരോന്നും മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമായതെങ്ങനെ, എന്തുകൊണ്ട് എന്നു വിശദീകരിക്കാൻ പുനർജന്മവാദികൾക്കും കഴിഞ്ഞിട്ടില്ല. പ്രപഞ്ച ഘടനയിലെ ദൈവിക ഇടപെടലിനെ നിരാകരിക്കുന്ന പദാർത്ഥവാദികളും പുനർജന്മവാദികളും തമ്മിൽ ഇക്കാര്യത്തിലൊട്ടും അന്തരമില്ല. എന്നിട്ടും സൃഷ്ടിവാദികളെ വിമർശിക്കാൻ പുനർജന്മവാദികൾ ധാർഷ്ട്യം കാണിക്കുന്നു. ''ഈശ്വരൻ എന്തുകൊണ്ട് എല്ലാ ജീവികളെയും ഒരുപോലെ സൃഷ്ടിക്കുന്നില്ല? എന്തുകൊണ്ട് ഒരു ജീവാത്മാവ് ആത്മീയമായി വളരെ പുരോഗമിച്ച അവസ്ഥയിലും മറ്റൊന്ന് അജ്ഞാതബാധിതമായ നിലയിലും ആയിത്തീരുന്നു? ഈ പ്രശ്നങ്ങൾക്ക് സുവ്യക്തമായ ഉത്തരങ്ങൾ നൽകാൻ' പ്രത്യേക സൃഷ്ടിവാദ'ത്തിനുസാധ്യമല്ല. (പുനർ ജന്മം പേജ് 86).

## ജാതിവ്യവസ്ഥയുടെ സൃഷ്ടി

ജാതിവ്യവസ്ഥയ്ക്ക് മതകീയത നൽകി ന്യായീകരിക്കാനാണ് പുനർജന്മ സങ്കൽപം രൂപം കൊണ്ടത്. മേൽജാതിക്കാർ ബ്രഹ്മാവിന്റെ ശരീരത്തിലെ ശ്രേഷ്ഠഭാഗങ്ങളിൽനിന്നും ശൂദ്രർ പാദത്തിൽനിന്നും ഉണ്ടായവരാണെന്നും മറ്റു താഴന്ന വിഭാഗങ്ങൾ ബ്രഹ്മാവിൽനിന്നുണ്ടായവരല്ലെന്നും പഠിപ്പിച്ച് ജാതീയതയെ ദൈവവിശ്വാസത്തിന്റെ ഭാഗമാക്കി മാറ്റിയ ചാന്ദോഗ്യോപനിഷത്തിലാണ് പുനർജന്മത്തെ സംബന്ധിച്ച വിശദമായ പരാമർശമുള്ളത്. അതിങ്ങനെ വായിക്കാം. ''അവരിൽ സൽക്കർമ്മങ്ങൾ ചെയ്യുന്നവരോ അവർ വേഗം തന്നെ ഉത്തമയോനികളിൽ ചെന്നുചേരുന്നു. ബ്രാഹ്മണയോനിയിലോ ക്ഷത്രിയയോനിയിലോ വൈശ്യയോനിയിലോ എത്തിച്ചേരുന്നു. അതുപോലെ അശുഭചാരന്മാരായവരോ അവർ അശുഭയോനിയെ പ്രാപിക്കുന്നു. പട്ടിയുടെയോ പന്നിയുടെയോ ചണ്ഡാലന്റെയോ യോനിയെ പ്രാപിക്കുന്നു.'' (അധ്യായം 5 ഖണ്ഡം: 10 ശ്ലോകം 7)

ഈ വിശ്വാസം ഉയർന്ന ജാതിക്കാരിൽ തങ്ങൾ മേൽജാതിക്കാരായത് കഴിഞ്ഞ ജന്മത്തിൽ പുണ്യം ചെയ്തതിനാലാണെന്നും അതിനാൽ തങ്ങളനുഭവിക്കുന്ന പ്രത്യേകാവകാശങ്ങൾക്കെല്ലാം അർഹരാണെന്നുമുള്ള ബോധം വളർത്തുന്നു. അതോടൊപ്പം താഴ്ന്ന ജാതിക്കാർ ആ വിധമായത് അവരുടെ തന്നെ കർമഫലമാണെന്ന ധാരണയും സൃഷ്ടിക്കുന്നു. അവരെ പട്ടികളെയും പന്നികളെയുമെന്നപോലെ നികൃഷ്ടജീവികളായി കാണാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

പുനർജന്മം തീർത്തും യുക്തിപൂർവ്വകമാണെന്ന് അവകാശപ്പെടുന്നവർ ഇവിടെയും ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ ബാധ്യസ്ഥരാണ്.

1. ഈ ജന്മത്തിൽ ബ്രാഹ്മണരും ക്ഷത്രിയരുമായവർ കഴിഞ്ഞ ജന്മത്തിൽ ശുഭകർമങ്ങൾ ചെയ്തതിനാലണല്ലോ അപ്രകാരമായത്. കഴിഞ്ഞ ജന്മത്തിൽ ശുഭകർമങ്ങൾ ചെയ്തത് അതിന്റെ മുമ്പത്തെ ജന്മത്തിൽ ചെയ്ത കർമങ്ങളുടെ ഫലമാണല്ലോ. ആ ജന്മത്തിൽ അവർ ചെയ്ത കർമങ്ങളെന്തായിരുന്നു? അതിനുകാരണമായ മുൻജന്മത്തിലെ കർമമോ?

2. പട്ടിയും പന്നിയും ചണ്ഡാലനും അപ്രകാരമായത് കഴിഞ്ഞ ജന്മത്തിലെ അശുഭകർമങ്ങൾ കാരണമാണല്ലോ. എന്തായിരുന്നു ആ അശുഭകർമ്മം? അത് അതിന്റെ മുമ്പത്തെ ജന്മത്തിലെ കർമഫലമാണല്ലോ. എന്തായിരുന്നു അശുഭകർമത്തിനു കാരണമായ കർമം? അതിനൊക്കെ കാരണമായ ആദികർമമേത്?

3. ഏതൊരാളെയും അയാൾ ചെയ്ത തെറ്റ് വ്യക്തമാക്കുകയും കാരണം ബോധ്യപ്പെടുത്തുകയും ചെയ്യാതെ ശിക്ഷിച്ചാൽ അത് കടുത്ത അനീതിയായാണ് അനുഭവപ്പെടുക. നാം ആരെയെങ്കിലും അടിക്കുകയോ ജയിലിലടയ്ക്കുകയോ ആണെങ്കിൽ അത് ഏത് കുറ്റത്തിന്റെ പേരിലാണെന്ന് വ്യക്തമാക്കുകയും അത് ശിക്ഷാർഹരെ ബോധ്യപ്പെടുത്തുകയും വേണം. ഇത് നീതിയുടെ പ്രാഥമിക താൽപര്യമത്രെ. എന്നാൽ പട്ടിയോ പന്നിയോ ചണ്ഡാലനോ കഴിഞ്ഞ ജന്മത്തിൽ എന്തു തെറ്റുചെയ്തതിന്റെ പേരിലാണ് ഈ ജന്മത്തിൽ അപ്രകാരമായതെന്ന് അറിയുന്നില്ല. അതിനാൽ അവരെ സംബന്ധിച്ചേടത്തോളം അത് കർമഫലമോ ശിക്ഷയോ അല്ല.

പൂർവ്വജന്മത്തിൽ ചെയ്ത അപരാധത്തിന്റെ ശിക്ഷയെന്ന നിലയിലാണ് കുട്ടികൾ പീഡിപ്പിക്കപ്പെടുന്നത്. സ്വാമി അഭേദാനന്ദൻ അവകാശപ്പെടുന്നു. (പുനർജന്മം പേജ് 13). ഏതെങ്കിലും കുട്ടിക്കറിയുമോ തൻ ശിക്ഷിക്കപ്പെടുകയാണെന്ന്? ശിക്ഷിക്കപ്പെടാൻ എന്തുതെറ്റാണ് കഴിഞ്ഞ ജന്മത്തിൽ ചെയ്തതെന്ന്? അതറിയാത്തോളം കാലം അതു ശിക്ഷയാകുമോ?

അതിനാൽ പുനർജന്മസിദ്ധാന്തം മരണാനന്തരജീവിത വിശ്വാസത്തിന്റെ ആദിരൂപമോ മൗലികമോ അല്ല, വൈദികവുമല്ല. ജാതിവ്യവസ്ഥയെ ആദർശവൽക്കരിക്കാനും അരക്കിട്ടുറപ്പിക്കാനുമായി ആവിഷ്കരിക്കപ്പെട്ട ആശയമാണ്. ഇന്ത്യയിലേക്കത് പകർന്നുകിട്ടിയത് പ്രാകൃത ഗോത്രവിശ്വാസത്തിൽനിന്നാണ്. ഡോ. എസ്. രാധാകൃഷ്ണൻ എഴുതുന്നു: ''കർമപദ്ധതിയുടെയും പുനർജന്മത്തിന്റെയും ആശയം ആര്യമസ്തിഷ്കത്തിൽ രൂപം കൊണ്ടതാണെന്ന് ഉറപ്പിച്ചുപറയാം. എന്നാൽ ഇതിനുള്ള പ്രേരണ ലഭിച്ചത് മരണശേഷം ആത്മാക്കൾ മൃതശരീരങ്ങളിൽ കുടികൊള്ളുന്നു എന്നു വിശ്വസിക്കുന്ന ആദിഗോത്രക്കാരിൽനിന്നാകണമെന്ന സംഗതിയും നിഷേധിക്കേണ്ടതില്ല.'' (ഭാരതീയ ദർശനം വാള്യം 1 പേജ് 113).

# വേദോപനിഷത്തുകളിൽ

വൈദികമതത്തിൽ പുനർജന്മസങ്കൽപമുണ്ടായിരുന്നില്ല. ഏതോ തരത്തിലുള്ള പരലോക വിശ്വാസമാണുണ്ടായിരുന്നത്. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: ''മരണാനന്തര ജീവിതത്തെപ്പറ്റി അവർക്ക് പ്രത്യേക സിദ്ധാന്തങ്ങളൊന്നുമുണ്ടായിരുന്നില്ല. എങ്കിലും സ്വർഗം, നരകം എന്നിവയെപ്പറ്റിയുള്ള ചില അവ്യക്തധാരണകളിൽനിന്ന് ചിന്താപരമായ മനസ്സുകൾക്ക് ഒഴിഞ്ഞു മാറുവാൻ കഴിഞ്ഞിരുന്നില്ല. പുനർജന്മസിദ്ധാന്തങ്ങൾ അപ്പോഴും വിദൂരത്തിലായിരുന്നു. മരണത്തോടെ എല്ലാം അവസാനിക്കുന്നില്ലെന്ന ഉറപ്പ് വൈദിക കാര്യൻമാർക്കുണ്ടായിരുന്നു. രാത്രിക്കുശേഷം പകൽ, മരണത്തിനുശേഷം ജീവിതം. ഒരിക്കലുണ്ടായിരുന്ന ജീവികൾ പിന്നീട് തീരെ ഇല്ലാതാവുക സാധ്യമല്ല. അവർ എവിടെയെങ്കിലും, ഒരു പക്ഷേ, യമൻ ഭരിക്കുന്ന അസ്തമയ സൂര്യന്റെ സാമ്രാജ്യത്തിൽ നിലനിൽക്കണം. മരണത്തെ ഭയന്നുവിറയ്ക്കുന്ന മനുഷ്യന്റെ ഭാവന അക്കാലത്ത് യമനെ ഭയങ്കരനായ ഒരു പ്രതികാരദേവനായി രൂപപ്പെടുത്തിക്കഴിഞ്ഞിരുന്നില്ല. അങ്ങേ ലോകത്തേക്ക് ആദ്യമായി പ്രവേശിച്ച് അവിടെ ഭരിക്കാൻ തുടങ്ങിയ ആദ്യത്തെ മനുഷ്യരായിരുന്നു യമനും യമിയും. ഒരു മനുഷ്യൻ മരിക്കുമ്പോൾ അയാൾ യമന്റെ രാജ്യത്തിൽ എത്തുന്നതായി സങ്കൽപിക്കപ്പെട്ടിരുന്നു. യമൻ നമുക്കായി ഒരു പാർപ്പിടം, നമ്മിൽനിന്ന് ഒരിക്കലും എടുത്തുകളയാനാവാത്ത ഒരു വീട് ഉണ്ടാക്കിയിരിക്കും. ശരീരം ഉപേക്ഷിക്കപ്പെട്ടുകഴിയുമ്പോൾ ആത്മാവിന് ഉജ്വലമായ ഒരാധ്യാത്മിക രൂപം കൈവരികയും അത് മരണരഹിതമായ യമനും പിതൃക്കളും വാഴുന്ന ദേവതകളുടെ നിവാസസ്ഥാനത്തേക്കുപോവുകയും ചെയ്യുന്നു. വെള്ളത്തിലൂടെയും ഒരു പാലത്തിലൂടെയും സഞ്ചരിച്ചതിനുശേഷമാണ് ഈ സ്വർഗ ലോകത്തിലേക്ക് മരിച്ചവർ എത്തിച്ചേരുന്നതെന്ന് സങ്കൽപിക്കപ്പെട്ടിരുന്നു.'' (ഋഗ്വേദം 10-6-10 9 41:2).

''മരിച്ചവരുടെ ആത്മാക്കൾ സ്വർഗത്തിൽ യമനോടനൊന്നിച്ച് 'മോദിച്ച്' ഇരിക്കുന്നു. നമ്മുടേതുപോലുള്ള ഒരു ജീവിതമാണ് അവിടെ അവരുടേത്. ഭൂമിയിലെ ആഹ്ലാദങ്ങൾക്ക് പൂർണതയും ഔന്നത്യവും വന്നാൽ സ്വർഗ്ഗത്തിലെ ആഹ്ലാദമായി. ദാനം നൽകുന്നവർക്കുള്ളതാണ് ഈ തിളങ്ങുന്ന പദാർത്ഥങ്ങൾ; അവർക്കുവേണ്ടി സ്വർഗത്തിൽ സൂര്യൻമാരുണ്ട്; അവർ അമൃതത്വം നേടുന്നു; അവർക്ക് ദീർഘായുസ്സ് കൈവരുന്നു'' (ഋഗ്വേദം 1.25:6) മരണാനന്തര ജീവിതത്തെപ്പറ്റിയുള്ള വൈദിക സങ്കൽപത്തിൽ വൈഷയിക

സുഖങ്ങൾക്ക് നൽകിയിട്ടുള്ള പ്രാമുഖ്യത്തെപ്പറ്റി പലരും ഊന്നിപ്പറഞ്ഞിട്ടുണ്ട്.

''നാം ദേവതകളെ ആരാധിച്ചില്ലെങ്കിൽ നമുക്കെന്തു സംഭവിക്കുന്നു എന്ന ചോദ്യം ഇവിടെ ഉദിക്കുന്നു. സ്വർഗത്തിന് എതിർവശത്ത് സദാചാരത്തിനു നിരക്കാത്ത പാപങ്ങൾ ചെയ്തവർക്കും വേദങ്ങളിൽ വിശ്വസിക്കാത്ത നാസ്തികർക്കുമായി നരകം എന്ന വേറിട്ടൊരിടമുണ്ടോ? പുണ്യവാൻമാർക്കും നല്ലവർക്കുമുള്ളതാണ് സ്വർഗമെങ്കിൽ ദുഷ്ടബുദ്ധികളെ മരണത്തോടെ തീരേ ഇല്ലാതാക്കുവാനോ സ്വർഗത്തിലെത്തിക്കുവാനോ സാധ്യമല്ലല്ലോ. അങ്ങനെ ഒരു നരകം ആവശ്യമായിവരുന്നു. വരുണൻ പാപികളെ അടിയിലുള്ള അന്ധകാരാവൃതമായ അഗാധതകളിലേക്ക് തള്ളിയിടുന്നതായി വേദങ്ങളിൽ പറയുന്നുണ്ട്. അവിടെനിന്ന് ഉയർന്നുവരാൻ അവർക്ക് ഒരിക്കലും സാധ്യമല്ല. ആരാധകനെ ദ്രോഹിക്കുന്ന മനുഷ്യനെ താഴെയുള്ള തമസ്സിലേക്ക് തള്ളിയിടുവാൻ ഇന്ദ്രനോട് ഋഷിപ്രാർത്ഥിക്കുന്നുണ്ട്. ഈ ഇരുളടഞ്ഞ ആഴത്തിൽ വീണ് അപ്രത്യക്ഷനാവുകയാണ് പാപിയുടെ വിധിയെന്ന് തോന്നുന്നു. പിൽക്കാലത്തുള്ള പുരാണങ്ങളിലെ നരകത്തിന്റെയും അതിലെ ചില പീഡകളുടെയും വികൃതസങ്കൽപങ്ങൾക്ക് ഈ ഘട്ടത്തിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ധർമിഷ്ഠന്മാർക്ക് സ്വർഗവും നരകവും അധാർമികർക്ക് നരകവും എന്നതായിരുന്നു നിയമം. സദാചാരത്തിനു സമ്മാനം ലഭിക്കും ദുരാചാരത്തിനു ശിക്ഷയും. മരണത്തിനുശേഷം അജ്ഞൻമാർ ചെന്നെത്തുന്ന ആഹ്ലാദിരഹിതങ്ങളായ അന്ധതാമിസ്രപ്രദേശങ്ങൾ നാം ജീവിച്ചുപോരുന്ന ഈ ലോകം തന്നെയാണെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ, ഡോയ്സ്സിന്റെ അഭിപ്രായമതാണ്. സംസാരത്തെപ്പറ്റിയോ സുഖത്തിന്റെ താരതമ്യഭേദങ്ങളെപ്പറ്റിയോ ഇനിയും യാതൊരു പ്രസ്താവവുമില്ല. ഋഗ്വേദത്തിൽ താഴെ പറയുന്ന അർത്ഥത്തിൽ ഒരു മന്ത്രമുണ്ട്. ''സ്വന്തം കർത്തവ്യങ്ങളെല്ലാം നിർവ്വഹിച്ചതിനുശേഷം വൃദ്ധനായിത്തീർന്ന അയാൾ ഇവിടെ വിട്ടുപോകുന്നു. ഇവിടെനിന്ന് പോയിക്കഴിഞ്ഞ അയാൾ ഒരിക്കൽകൂടി ജനിക്കുന്നു. ഇത് മൂന്നാമത്തെ ജനനമാകുന്നു.'' ഇത് സൂചിപ്പിക്കുന്നത് ഓരോ മനുഷ്യനും മൂന്നു ജന്മങ്ങളുണ്ടെന്ന വൈദിക സിദ്ധാന്തത്തെയാണ്. ശിശുവായിട്ടുള്ള ഒന്നാമത്തെ ജന്മം. ആധ്യാത്മികമായ വിദ്യാഭ്യാസം കൊണ്ടുണ്ടാകുന്നത്. രണ്ടാമത്തെ ജനനം. ആത്മാവ് സഞ്ചരിക്കുന്ന ഒരു ജീവതത്വമാണെന്ന വിശ്വാസം ഋഗ്വേദത്തിൽ നാം കാണുന്നു. (ഋഗ്വേദം 1:164:30). ദശമണ്ഡലത്തിലെ 58-ാം സൂക്തത്തിൽ, ബോധരഹിതനായി കിടക്കുന്നവനെന്ന് കരുതാവുന്ന ഒരുവന്റെ ആത്മാവിനെ (മനഃ) മണങ്ങളിൽനിന്നും ആകാശത്തുനിന്നും സൂര്യനിൽനിന്നും തിരിച്ചു വരുവാൻ ക്ഷണിച്ചിരിക്കുന്നു. ചില അസ്വഭാവിക സ്ഥിതികളിൽ ആത്മാവിനെ ശരീരത്തിൽനിന്ന് വേർതിരിക്കാൻ കഴിയുമെന്ന് കരുതപ്പെട്ടിരുന്നു എന്നത് പ്രകടമാണ്. എന്നാലും പുനർജന്മവിശ്വാസം വൈദികാര്യമാർക്കു പരിചിതമായിരുന്നു എന്ന് ഇതിൽനിന്നു സിദ്ധിക്കുന്നില്ല.'' (ഭാരതീയ ദർശനം. മലയാള വിവർത്തനം: ഭാഗം 1 പേജ് 91-93).

ഋഗ്വേദത്തിലും സാമവേദത്തിലും അഥർവവേദത്തിലും പരലോകത്തെ സംബന്ധിച്ച പരാമർശങ്ങളുണ്ട്. സാമവേദത്തിലിങ്ങനെ കാണാം:

''രായേ അഗ്നേ മഹേ ത്വാ ദാനായ സമിധീമഹി
ഈഡിഷ്വാ ഹി മഹേ വൃഷൻ ദ്യാവാഹോത്രായ പൃഥിവീ
(ആഗ്നേയ കാണ്ഡം 1-10-3)

(എല്ലാ ആഗ്രഹങ്ങളും പൂർണമാക്കുന്ന ഭഗവാനേ, അങ്ങയിൽനിന്നും ഏറ്റവും വലിയ ദാനം കിട്ടാൻ അങ്ങയെ ഞങ്ങൾ സന്തോഷിപ്പിക്കുന്നു. അറിവിനായും ഭൂമിയിൽ സമാധാനത്തിനായും പരലോകത്ത് ശാന്തിക്കായും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.)

അഥർവ വേദം, പരലോകത്തെപ്പറ്റി ചിന്തിച്ച് സൽക്കർമ്മങ്ങളനുഷ്ഠിക്കാൻ ദമ്പതികളോടാവശ്യപ്പെടുന്നു:

''അമ്പാര ഭേഥാ മനഃസംര ഭേഥാ മേതം ലോകം ശ്രദ്ധധാനാ: സചന്തേ" (6:12:3).

രാഹുൽ എഴുതുന്നു: ''വേദത്തിലെ ഋഷിമാർ ഈ ലോകത്തിന് വിഭിന്നമായ മറ്റൊരു ലോകമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സൽക്കർമ്മികൾ പോവുക. അവരവിടെ ആനന്ദപൂർവ്വം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമായ നരകലോകമാണ്. അവിടേക്കാണ് ദുഷ്കർമികൾ പോകുന്നത്" (വിശ്വദർശനങ്ങൾ പേജ് 552).

## ബ്രാഹ്മണങ്ങളിൽ

ബ്രാഹ്മണങ്ങളിൽ പുനർജന്മത്തെ സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും പ്രധാനമായും ഊന്നിപ്പറയുന്നത് പരലോകത്തെപ്പറ്റിയാണ്. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: ''ബ്രാഹ്മണങ്ങളിൽ ഭാവിജീവിതത്തെ സംബന്ധിച്ച് നിശ്ചിതമായ ഒരഭിപ്രായം കാണുന്നില്ല. ദേവയാനവും പിതൃയാനവും തമ്മിലുള്ള അന്തരം എടുത്തുകാണിച്ചിട്ടുണ്ട്. ഭൂമിയിൽ പുനർജന്മം ചിലപ്പോൾ ഒരനുഗ്രഹമായിട്ടാണ്; ഒഴിഞ്ഞുമാറേണ്ട ഒരഭിശാപമായിട്ടല്ല പരിഗണിക്കപ്പെടുന്നത്. അത് ചില ദിവ്യരഹസ്യങ്ങറിയാൻ പ്രതിജ്ഞാതമായ പുരസ്കാരമായിരുന്നു. എന്നാൽ എല്ലാറ്റിലും ഉപരിയായ അഭിപ്രായം മനുഷ്യജന്മത്തിലൂടെ അമരത്വം വരിച്ച് ദേവൻമാരുടെ നിവാസസ്ഥാനമായ സ്വർഗലോകം പ്രാപിക്കാൻകഴിയുമെന്നാണ്. ''ഇപ്രകാരം യജ്ഞം ചെയ്യുന്നവൻ ശാശ്വതമായ ഐശ്വര്യവും യശസ്സും നേടുന്നു. ആദിത്യൻ, അഗ്നി എന്നീ രണ്ടു ദേവതകളുമായി സമ്പർക്കം പ്രാപിച്ചു വിജയം വരിക്കുന്നു. അവരോടൊപ്പം അതേ ലോകത്തിൽതന്നെ സ്ഥാനം നേടുന്നു.' (ശതപഥ ബ്രാഹ്മണം 11:6:2:5) ചില പ്രത്യേക യാഗങ്ങൾ നമ്മെ പ്രത്യേക ദേവൻമാരുടെ ലോകത്ത് പ്രവേശിക്കുവാൻ അർഹരാക്കിത്തീർക്കുന്നു.''(ibid 2 6:4:8)

''ഈ ലോകത്തേക്കാൾ ഉത്തമമായ ഒരു ലോകത്തിലാണെങ്കിലും വ്യക്തിപരമായ ജീവിതത്തിന് ഉറപ്പുവരുത്തുകയാണ് പിന്നെയും ലക്ഷ്യം." യജ്ഞകർമങ്ങൾ ശരിക്കുമനസ്സിലാക്കി വിധിക്കൊത്ത് നിർവഹിക്കുന്നവർക്ക് അമരത്വമോ ചുരുങ്ങിയ പക്ഷം ദീർഘജീവിതമോ ലഭിക്കുന്നതാണെന്ന് ബ്രാഹ്മണഗ്രന്ഥങ്ങളിൽ പ്രതിജ്ഞ ചെയ്യുന്നുണ്ട്. ഈ യജ്ഞഭാവനയും അനുഷ്ഠാനവും കുറഞ്ഞവർ സമയത്തിനുമുമ്പുതന്നെ മരിച്ച് പരലോകം പൂകുന്നു. അവിടെ അവരെ ഒരു തുലാസ്സിൽ തൂക്കുന്നു. (ibid 2:6) ക്രമത്തിൽ തുല്യമായ നീത്യന്യായത്തിന്റെ ആശയം വികസിച്ചു വരുന്നു. ഋഗ്വേദത്തിന്റെ പിതൃക്കളുടെ ലോകം കേവലം ഒരു മാർഗമായിരുന്നു. എന്നാൽ വൈദിക ദേവതകളും അവരുടെ ലോകവും പിതൃയാനവും പ്രതികാരനീതി നടപ്പുള്ള അവരുടെ ലോകവും തമ്മിൽ വലിയ ഭിന്നത വന്നു. മറുലോകത്ത് പുനർജന്മത്തെപ്പറ്റിയും ഈ ലോകത്തിൽ ചെയ്യുന്ന കർമങ്ങളെച്ചൊല്ലി പശ്ചാത്താപം,

പ്രായശ്ചിത്തം എന്നിവയെപ്പറ്റിയുമുള്ള ചിന്ത ഇനിയും നമ്മുടെ മുമ്പിൽ വന്നു കഴിഞ്ഞിരുന്നില്ല.” (ഭാരതീയ ദർശനം ഭാഗം 1 പേജ്: 110-112).

## ഉപനിഷത്തുകളിൽ

പുനർജന്മസങ്കൽപം വികാസം പ്രാപിച്ചതും സ്വാധീനം നേടിയതും ഉപനിഷത്തുകളിലൂടെയാണ്. അതോടൊപ്പം പരലോകത്തെയും പുനരുത്ഥാന ജീവിതത്തെയും സംബന്ധിച്ച വിവരങ്ങളും ഉപനിഷത്തുകളിൽ ധാരാളമായി കാണാം. ഈശാവാസ്യോപനിഷത്തിൽ മരണാനന്തരമുള്ള നരകത്തെ സംബന്ധിച്ച് ഇങ്ങനെ പറയുന്നു:

അസൂര്യാ നാമ തേ ലോകാ അന്ധേന തമസാവൃതാ:
താംസ്തേ പ്രേത്യാഭിഗച്ഛന്തി യേ കേ ചാത്മഹനോ ജനാ: (മന്ത്രം: 3)

(സൂര്യനില്ലാത്ത ആ ലോകങ്ങൾ അജ്ഞതാന്ധകാരാവൃതങ്ങളാകുന്നു. ആത്മഘാതികൾ, അഥവാ ഈശ്വരസ്മരണയില്ലാതെ വിഷയാസക്തരായി കഴിയുന്നവർ വീണ്ടും ദുഃഖനിരതമായ ആ ലോകങ്ങളിലെത്തുന്നു.)

സ്വർഗത്തെ സംബന്ധിച്ച് കഠോപനിഷത്ത് പറയുന്നു:

സ്വർഗേ ലോകേ ന ഭയം കിഞ്ചനാസ്തി
നതത്ര ത്വം നജരയാ ബിഭേതി
ഉഭേ തീർത്വാശനായ പിപാസേ
ശോകാതിഗോ മോദതേ സ്വർഗലോകേ (1:1:12)

(സ്വർഗലോകത്ത് അൽപംപോലും ഭയമില്ല. അവിടെ ആർക്കും മരണമില്ല. ജരാനരയാൽ ആർക്കും ഭയവുമില്ല. അവിടെ വസിക്കുന്നവർ വിശപ്പിന്നും ദാഹത്തിനും ശോകാദികൾക്കും അതീതന്മാരായി എല്ലാവിധ ആനന്ദവും അനുഭവിക്കുന്നു.

മനുസ്മൃതിയും പരലോകജീവിതത്തെ സംബന്ധിച്ച് സംസാരിക്കുന്നു:

നാമുത്ര ഹി സഹായാർഥം പിതാ മാതാ ച തിഷ്ഠത
ന പുത്രദാരാ ന ജ്ഞാതിർ ധർമസ്താഷ്ഠതി കേവല: (4:239).

(പരലോകത്ത് സഹായത്തിന് അച്ഛനമ്മമാരെ കിട്ടുകയില്ല. മക്കളോ ഭാര്യയോ ബന്ധുക്കളോ അവിടെ പ്രയോജനപ്പെടുകയില്ല. സഹായിക്കാൻ ധർമംമാത്രം നിലകൊള്ളുന്നു).

ഏക: പ്രജായതേ ജന്തുരേക ഏവ പ്രലീയതേ
ഏകോ (അ)നു ഭുങ്ക്തേ സുകൃതമേക ഏവ ച ദുഷ്കൃതം (4:240)

(ജീവി ജനിക്കുന്നതും മരിക്കുന്നതും തനിച്ചാണ്. സ്വർഗത്തിൽ സുകൃതം അനുഭവിക്കുന്നതും നരകത്തിൽ ദുഷ്കൃതം അനുഭവിക്കുന്നതും തനിച്ചു തന്നെ).

ഭഗവദ്ഗീതയും സ്വർഗനരകങ്ങളുടെ കാര്യം ധാരാളമായി ഊന്നിപ്പറയുന്നു. അവരിൽ ചിലതിവിടെ ഉദ്ധരിക്കാം.

ഉത്സന്നകുലധർമാണാം
മനുഷ്യാണാം ജനാർദ്ദനാ
നരകേ നിയതം വാസോ ഭവതീത്യനു ശുശ്രുമ (പ്രഥമാധ്യായം, ശ്ലോകം: 44)

(ഹേ ജനാർദ്ധനാ, കുലധർമ്മങ്ങൾ നശിച്ചുപോയ മനുഷ്യരുടെ വാസം എന്നെന്നേക്കും നരകത്തിലാണെന്ന് ഞങ്ങൾ കേട്ടറിഞ്ഞിട്ടുണ്ട്.)

അഥ ചേത്ത്വിമിമം ധർമ്യം
സംഗ്രാമം ന കരിഷ്യസി
അത: സ്വധർമം കീർത്തിംച
ഹിത്വാ പാപമാപ്സ്യസി (ദ്വിതീയാധ്യായം ശ്ലോകം: 33)

(എന്നാൽ അർജ്ജുനാ, നീ സ്വധർമാനുസൃതമായ ഈ യുദ്ധം ചെയ്യാതിരിക്കുന്നപക്ഷം സ്വർഗപ്രാപ്തിയുണ്ടാവുകയില്ലെന്നു തന്നെയല്ല സ്വധർമത്തെയും യശസ്സിനെയും ഉപേക്ഷിക്കുന്നതുകൊണ്ട് നിനക്ക് പാപം നേരിടുന്നതുമാണ്).

ഹതോ വാ പ്രാപ്സ്യസി സ്വർഗം
ജിത്വാ വാ ഭോക്ഷ്യസേ മഹീം
തസ്മാദുത്തിഷ്ഠ കൗന്തേയ
യുദ്ധായ കൃതനിശ്ചയ: (ദ്വിതീയാധ്യായം. ശ്ലോകം 37)

(അല്ലയോ കുന്തീപുത്രാ, ശത്രുക്കൾ നിന്നെ വധിച്ചാൽ, നിനക്കു സ്വർഗ്ഗത്തിൽ പോകാം. നീ ശത്രുക്കളെ ജയിക്കുന്നതായാൽ രാജ്യമനുഭവിക്കുകയും ചെയ്യാം. അതുകൊണ്ട് രണ്ടായാലും നീ യുദ്ധം ചെയ്യാനുറച്ചുകൊണ്ട് വേഗം എഴുന്നേൽക്കുക.)

ചുരുക്കത്തിൽ, പുനർജന്മത്തെപ്പറ്റി ഹൈന്ദവ വേദങ്ങൾ ഒന്നും പറയുന്നില്ല. ബ്രാഹ്മണങ്ങളിലും അതിന്റെ വിശദീകരണങ്ങളില്ല. ജാതിവ്യവസ്ഥക്കു മതകീയത നൽകുംവിധം ഉപനിഷത്തുകളിലാണ് അത് വിശദീകരിക്കുന്നത്. എന്നാൽ പരലോക വിശ്വാസത്തെപ്പറ്റി വേദങ്ങളിലും ബ്രാഹ്മണങ്ങളിലും ഉപനിഷത്തുകളിലും സ്മൃതികളിലും ഗീതയിലുമെല്ലാം വ്യക്തമായ പരാമർശങ്ങളുണ്ട്. ഹൈന്ദവമതത്തിന്റെ മൗലികത പരലോക വിശ്വാസമാണെന്ന് ഇത് സുതരാം വ്യക്തമാക്കുന്നു.

# പരലോക വിശ്വാസത്തിനെതിരായ വിമർശനങ്ങൾ

പരലോകവിശ്വാസത്തെ വിമർശന വിധേയമാക്കുന്ന സ്വാമി അഭേദാനന്ദൻ എഴുതുന്നു: ''രണ്ടു വലിയ മതങ്ങൾ യഹൂദമതവും (അതിന്റെ രണ്ടു സന്താനങ്ങളായ ക്രിസ്തുമതവും ഇസ്ലാംമതവും) സൗരാഷ്ട്രിയൻമതവും ഇപ്പോഴും ഏകജന്മസിദ്ധാന്തത്തിൽ വിശ്വസിക്കുന്നു. ഇവയുടെ അനുയായികൾ അങ്ങനെയുള്ള ഒരു സിദ്ധാന്തത്തിന്റെ നിരർത്ഥകതയുടെയും അയുക്തിയുടെയും നേരെ കണ്ണടച്ചുകൊണ്ട് മനുഷ്യാത്മാവ് ശൂന്യതയിൽനിന്ന് സൃഷ്ടിക്കപ്പെട്ടുവെന്നും അത് അനന്തതയിൽക്കൂടി ഭൂമിയിൽ ജീവിച്ചപ്പോൾ ചെയ്ത പുണ്യപാപങ്ങൾക്കനുസരിച്ച് സുഖമനുഭവിക്കുകയോ ദുഃഖമനുഭവിക്കുകയോ ചെയ്യുന്നുവെന്നും വിശ്വസിക്കുകയാണ്. ഇവിടെ സ്വാഭാവികമായും ഒരു ചോദ്യമുയരുന്നുണ്ട്. ഈ ഭൂമിയിലെ ഹ്രസ്വകാല ജീവിതത്തിൽ പ്രപഞ്ചകർത്താവിന്റെ ഇച്ഛാനുസരണം ഒരു മനുഷ്യർ ചെയ്യുവാൻ നിർബന്ധിതമാകുന്ന കർമങ്ങളുടെ ഫലങ്ങൾ എക്കാലവും അനുഭവിക്കാൻ തക്കവണ്ണം ആ മനുഷ്യൻ ഉത്തരവാദിയായിത്തീരുന്നതെങ്ങനെ? മുൻവിധിയും കാരുണ്യവുമെന്ന സിദ്ധാന്തം വിഷയത്തെ വിശദീകരിക്കുന്നതിനുപകരം ദൈവത്തെ പക്ഷപാതിയും അനീതി ചെയ്യുന്നവനുമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. സർവ്വശക്തനായ ഒരു വ്യക്തിദൈവം' ശ്യൂന്യതയിൽനിന്ന് മനുഷ്യാത്മാക്കളെ സൃഷ്ടിച്ചുവെങ്കിൽ എല്ലാ ആത്മാക്കളെയും ഒരുപോലെ നല്ലവരും സന്തുഷ്ടരുമാക്കി അദ്ദേഹത്തിനു സൃഷ്ടിച്ചുകൂടായിരുന്നോ? എന്തിനാണ് അദ്ദേഹം ഒരാളെ ജീവിതത്തിലെ എല്ലാ അനുഗ്രഹങ്ങളും ആസ്വദിക്കുന്നതിനും മറ്റവനെ എല്ലാ കഷ്ടപ്പാടുകളും അനുഭവിക്കുന്നതിനുമായി നിയോഗിച്ചിട്ടുള്ളത്. എന്തിനാണ് ഒരാൾ വിശിഷ്ടമായ മനോഗതിയോടും മറ്റൊരാൾ ദുഷ്ടമനസ്സോടുംകൂടി പിറക്കുന്നത്? എന്തുകൊണ്ടാണ് ജീവിതം മുഴുവൻ ഒരാൾ ശിഷ്ടനും മറ്റൊരാൾ വിഡ്ഢിയുമായി ജന്മമെടുക്കുന്നതെന്തുകൊണ്ട്? ദൈവം സേച്ഛാനുസാരമാണ് ആ അസമത്വങ്ങൾ സൃഷ്ടിക്കുന്നതെങ്കിൽ, മറ്റൊരു ഭാഷയിൽ പറഞ്ഞാൽ ഒരാൾക്ക് ദുഃഖവും മറ്റൊരാൾക്ക് സന്തോഷവും പ്രദാനം ചെയ്യുന്നതെങ്കിൽ ആ ദൈവം എത്ര പക്ഷപാതിയും അനീതിമാനുമായിരിക്കണം? അയാൾ ഒരു സേച്ഛാധിപതിയെക്കാൾ നികൃഷ്ടനായിരിക്കുകയില്ലേ? നമുക്കെങ്ങനെ അയാളെ ആരാധിക്കാൻ കഴിയും?

എങ്ങനെ നീതിമാനെന്നും പരമകാരുണികനെന്നും വിളിക്കാൻ കഴിയും?" (പുനർജന്മം. പുറം: 19:20).

ഉപര്യുക്ത ഉദ്ധരണി മാറ്റത്തെ സംബന്ധിച്ച തികഞ്ഞ അജ്ഞത വ്യക്തമാക്കുന്നതായതിനാൽ വിശദമായ വിവരണം ആവശ്യമാണ്.

1. ദൈവത്തെയും മരണാനന്തര ജീവിതത്തെയും സംബന്ധിച്ച് സംസാരിക്കുന്ന മതമൊക്കെയും ഒരേ സ്രോതസ്സിൽനിന്ന് അവതീർണ്ണമായവയാണ്. അതിനാൽ മൗലികമായി ഒന്നാണ്. അവയ്ക്കിടയിൽ വ്യത്യാസവും വൈരുധ്യവും കാണപ്പെടാൻ കാരണം മനുഷ്യന്റെ ഇടപെടലും വെട്ടിച്ചുരുക്കലും കൂട്ടിച്ചേർക്കലുമൊക്കെയാണ്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പുനർജന്മസങ്കല്പം. ഹൈന്ദവ വേദങ്ങളിലെവിടെയും അതില്ലെന്നത് സുവിദിതവും സുസമ്മതവുമത്രെ. ഇക്കാര്യം കഴിഞ്ഞ അധ്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

എല്ലാ മതങ്ങളും ദൈവത്തിൽനിന്ന് അവതീർണ്ണമായവയായതിനാൽ ഒന്ന് മറ്റൊന്നിന്റെ സന്താനമാകുന്നില്ല. എല്ലാം അടിസ്ഥാനപരമായി ഒന്നാണെന്നതാണ് സത്യം. അതിനാൽ ക്രൈസ്തവതയും ഇസ്‌ലാമും യഹൂദമതത്തിന്റെ സന്താനമാണെന്ന പരാമർശം ശരിയല്ല.

2. യഹൂദമതവും ക്രൈസ്തവതയും ഇസ്‌ലാമും സൗരാഷ്ട്രിയൻമതവും പോലെത്തന്നെ ഹൈന്ദവതയും ഏകദൈവത്തെയും മരണാനന്തരജീവിതത്തിലെ സ്വർഗ-നരകങ്ങളെയും സംബന്ധിച്ചാണ് സംസാരിക്കുന്നത്. പുനർജന്മവിശ്വാസം ഹൈന്ദവതയിൽ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണ്. ജാതിവ്യവസ്ഥയെയും അതിന്റെ ജീർണതയെയും അരക്കിട്ടുറപ്പിക്കാൻ രൂപം കൊണ്ടതാണ്. ഇക്കാര്യം തെളിവുകളുടെ വെളിച്ചത്തിൽ നേരത്തെ വിശദീകരിച്ചിട്ടുണ്ട്.

3.) ആത്മാവും പദാർത്ഥവും സൃഷ്ടിയാണെന്ന വിശ്വാസത്തെ അഭേദാനന്ദ സ്വാമി അയുക്തികമാണെന്ന് ആരോപിച്ച് രൂക്ഷമായി പരിഹസിക്കുന്നു. എന്നാൽ പകരം അദ്ദേഹം അവതരിപ്പിച്ച അവ അനാദിയാണെന്ന വാദം എത്രമാത്രം അർത്ഥശൂന്യവും അബദ്ധജടിലവും അയുക്തികവുമാണെന്ന് അൽപം ആലോചിച്ചാൽ ബോധ്യമാകും. ആത്മാവ് അനാദിയാണെങ്കിൽ അനാദിയിൽതന്നെ അത് സസ്യവും ജലജീവിയും ഇഴജന്തുവും മൃഗവും മനുഷ്യനുമൊക്കെയായി അതിന്റെ പരിണാമം പൂർത്തിയാക്കേണ്ടതായിരുന്നില്ലേ? അനാദിയിലിതൊക്കെ നടക്കാതെ ഇപ്പോഴെന്തുകൊണ്ട് സംഭവിക്കുന്നു? ഇതുപോലുള്ള ഈ വിഷയകമായി നേരത്തെ ഉന്നയിച്ച നിരവധി ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ പുനർജന്മസങ്കൽപക്കാർക്ക് സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല.

4. അറുനൂറുകോടി മനുഷ്യർക്ക് അറുനൂറുകോടി രൂപത്തിലുള്ള മുഖവും കൈവിരലും മുടിയും രക്തവും ഗന്ധവും അസ്തിത്വവും വ്യക്തിത്വവുമൊക്കെ നൽകാൻ കഴിയുമാറ് കഴിവുറ്റതാണോ ആത്മാവ്? എങ്കിൽ ആ കഴിവ് അതിന് എവിടെനിന്നു കിട്ടി? അറുനൂറുകോടി ജനങ്ങൾക്ക് അറിവും ബോധവും ബുദ്ധിയും യുക്തിയുമൊക്കെ നൽകിയ അതിരുകളില്ലാത്ത അറിവിന്റെയും യുക്തിയുടെയും ഉടമയായ ദൈവം ശൂന്യതയിൽനിന്ന് പ്രപഞ്ചത്തെ സൃഷ്ടിച്ചുവെന്നത് അവിശ്വസനീയമാണെങ്കിൽ ഇതൊക്കെയും ആത്മാവിന്റെ കഴിവാണെന്ന വാദം അതിനെക്കാൾ അവിശ്വസനീയവും അയുക്തികവുമല്ലേ?

വളരെ വ്യവസ്ഥാപിതവും വിസ്മയജന്യവും കണിശവും ക്രമബദ്ധവുമായ ഈ പ്രപഞ്ചം എങ്ങനെയുണ്ടായി എന്ന ചോദ്യത്തിന് തൃപ്തികരമായ വിശദീകരണം നൽകാൻ ദൈവസൃഷ്ടിപ്പിനെ നിഷേധിക്കുന്ന ആർക്കും സാധ്യമല്ല. അവർ ഭൗതികവാദികളായാലും പരിണാമവാദികളായാലും ശരി.

5. ദൈവമാണ് സ്രഷ്ടാവെങ്കിൽ മനുഷ്യർക്കിടയിൽ കാണപ്പെടുന്ന അവസ്ഥാന്തരങ്ങൾ അനീതിയാവില്ലേ; ദൈവം ഈവിധം അനീതി ചെയ്യുന്ന സ്വേച്ഛാധിപതിയാണോ എന്നാണ് അഭേദാനന്ദ സ്വാമി ചോദിക്കുന്നത്. എന്നാൽ ഇതേ ചോദ്യത്തിന് ഉത്തരം നൽകാൻ പുനർജന്മ വാദികളും ബാധ്യസ്ഥരാണ്. അവരുടെ സങ്കൽപമനുസരിച്ച് മനുഷ്യരിവിടെ വികലാംഗരും മന്ദബുദ്ധികളും ഭ്രാന്തൻമാരും ദരിദ്രരും കഷ്ടതയനുഭവിക്കുന്നവരുമൊക്കെയായത് കഴിഞ്ഞ ജന്മത്തിലെ കർമങ്ങളുടെ ഫലമാണ്. കഴിഞ്ഞ ജന്മത്തിൽ ഇതിനൊക്കെയും കാരണമായ കർമങ്ങൾ ചെയ്യാൻ കാരണം അതിനു മുമ്പത്തെ ജന്മത്തിലെ പ്രവർത്തനങ്ങളാണ്. ആ ജന്മത്തിലെ അത്തരം പ്രവർത്തനങ്ങൾക്ക് കാരണം അതിന്റെ മുമ്പുള്ള ജന്മത്തിലെ കർമവും. ഇങ്ങനെ ഓരോ ജന്മവും മുൻജന്മത്തിലെ കർമഫലങ്ങളാൽ ബന്ധിതവും അസ്വതന്ത്രവുമായതിനാൽ ആർക്കും ഒന്നും സ്വയം തീരുമാനിക്കാനോ ചെയ്യാനോ സാധ്യമല്ല. ആത്മാക്കൾ അനാദിയിൽ എല്ലാം ഒരേ പോലെയായിരുന്നുവെങ്കിൽ ഒരേ കർമം ചെയ്യുന്നവയും ഒരേ അനുഭവമുള്ളവയും ആകേണ്ടതായിരുന്നില്ലേ? പിന്നെയെങ്ങനെ ഇന്നു കാണപ്പെടുന്ന വൈവിധ്യതകളും വൈരുധ്യതകളുമുണ്ടായി? അനാദിയിൽ എല്ലാം ഒരേപോലെയായിരുന്നില്ലെങ്കിൽ അത് അസമത്വവും അവയോടു ചെയ്യുന്ന അനീതിയുമല്ലേ? മനുഷ്യർക്കിടയിലെ അവസ്ഥാന്തരങ്ങൾക്ക് എന്തു വിശദീകരണമാണ് പുനർജന്മവാദികൾക്ക് നൽകാനുള്ളത്? അനാദിയിൽ ആത്മാക്കൾ ഒരേ അവസ്ഥയിലും പ്രകൃതത്തിലുമായിരുന്നുവെങ്കിൽ ഒരേ തരത്തിലുള്ള പരിണാമമല്ലേ ഉണ്ടാവേണ്ടിയിരുന്നത്? എങ്കിൽ ചിലർ വികലാംഗരും മന്ദബുദ്ധികളും ഭ്രാന്തരും കറുത്തവരും കുറിയവരും ദരിദ്രരും പീഡിതരും മറ്റുള്ളവർ മറിച്ചും ആയതെന്തുകൊണ്ട്? അനാദിയിൽ തന്നെ ഈ വൈവിധ്യത ഉണ്ടായിരുന്നുവെങ്കിൽ കടുത്ത അനീതിയല്ലേ?

എന്നാൽ ഇസ്‌ലാം ഇത്തരം പ്രശ്നങ്ങൾക്ക് ന്യായവും തൃപ്തികരവുമായ ഉത്തരം നൽകുന്നുണ്ട്. മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുന്നില്ല. ഇത് കർമകാലമാണ്. വിചാരണയും വിധിയും പ്രതിഫലവും മരണാനന്തരം പരലോകത്താണ്. അതാണ് സ്ഥിരവും ശാശ്വതവുമായ ജീവിതം. ഇവിടെ ഓരോരുത്തർക്കും നൽകപ്പെട്ട കഴിവും സാധ്യതയും സ്വാതന്ത്ര്യവുമനുസരിച്ചാണ് അവരവരുടെ ബാധ്യത. അതിനാൽ പണക്കാരന്റെ ബാധ്യത പാവപ്പെട്ടവന്നോ പ്രതിഭാശാലിയുടേത് സാമാന്യബുദ്ധിക്കോ പൂർണാരോഗ്യവാന്റേത് രോഗിക്കോ കരുത്തന്റേത് ദുർബലന്നോ സൗകര്യമനുഭവിക്കുന്നവന്റേത് അതില്ലാത്തവന്നോ ഇല്ല. ഈ ബാധ്യതകളുടെ നിർവഹണവും ലംഘനവുമനുസരിച്ചാണ് പരലോകജീവിതത്തിലെ രക്ഷാശിക്ഷകളും സ്വർഗനരകങ്ങളും. അതിനാൽ ആർക്കും ഒട്ടും അനീതി സംഭവിക്കുന്നില്ല. ഓരോരുത്തർക്കും തങ്ങൾക്ക് നൽകപ്പെട്ട കഴിവിന്റെയും സാധ്യതയുടെയും തോതനുസരിച്ച ബാധ്യത; അതിന്റെ നിർവഹണവും ലംഘനവുമനുസരിച്ചുള്ള രക്ഷാശിക്ഷകളും. ദൈവകാരുണ്യത്തിന്റെയും നീതിയുടെയും അനിവാര്യ

തയും പ്രകാശനവുമത്രെ പരലോകജീവിതം.

6. ജന്മവാസനകളാൽ ബന്ധിതനല്ലാത്ത ഏക സൃഷ്ടി മനുഷ്യനത്രെ. ജീവിതം ഏതു വിധമാവണമെന്ന് തീരുമാനിക്കാനുള്ള സാധ്യതയും സ്വാത ന്ത്ര്യവും അവന് നൽകപ്പെട്ടിരിക്കുന്നു. അതിനാൽ മനുഷ്യർക്കെല്ലാം നന്മയും തിന്മയും തെറ്റും ശരിയും ധർമവും അധർമവും തെരഞ്ഞെടുത്ത് സന്മാർഗിയും ദുർമാർഗിയുമാകാനുള്ള സ്വാതന്ത്ര്യമുണ്ട്. അവ്വിധം സ്വയം തീരുമാനിച്ച് ജീവിക്കുന്നതിനനുസരിച്ചായിരിക്കും മരണാനന്തരമുള്ള രക്ഷാ ശിക്ഷകൾ. വിശുദ്ധ ഖുർആൻ പറയുന്നു: ''ആർ സന്മാർഗം സ്വീകരിക്കു ന്നുവോ അത് അവന്റെ തന്നെ ഗുണത്തിനു വേണ്ടിയാണ്. ആർ ദുർമാർഗമ വലംബിക്കന്നുവോ അതിന്റെ ദോഷവും അവനുതന്നെ. ഭാരം വഹിക്കുന്നവ രാരും മറ്റാരുടെയും ഭാരം ചുമക്കുകയില്ല.''(17:15).

''പറയുക: ഇത് നിന്റെ നാഥനിൽനിന്നുള്ള സത്യമാണ്. ഇഷ്ടമുള്ള വർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം. അക്രമികൾക്ക് നാം നരകം സജ്ജമാക്കിയിട്ടുണ്ട്.'' (18:29)

''ഒരു ജനതയും അവർ സ്വയം മാറ്റുന്നതുവരെ അല്ലാഹു പരിവർത്തിപ്പി ക്കുകയില്ല.'' (13:11)

''ആർ തെറ്റുചെയ്യുന്നുവോ അവനതിന്റെ ഫലമനുഭവിക്കും.'' (4:123).

''ഓരോ വ്യക്തിയും തന്റെ പ്രവർത്തനത്തിന് കടപ്പെട്ടിരിക്കുന്നു.'' (52:21).

''നിങ്ങൾ പ്രവർത്തിച്ചതല്ലാതെ നിങ്ങൾക്ക് പകരം നൽകപ്പെടുമോ? (27:90)

''ആർ അണുമണിത്തൂക്കം നന്മ ചെയ്തുവോ അവനത് കണ്ടെത്തുക തന്നെ ചെയ്യും. ആർ അണുമണിത്തൂക്കം തിന്മ ചെയ്തുവോ അവനതും കണ്ടെത്തും.'' (99:7,8)

''ഭാരം ചുമക്കുന്ന ആരും മറ്റൊരുവന്റെ ഭാരം പേറുകയില്ല. മനുഷ്യന്ന് താൻ പ്രയത്നിച്ചല്ലാതെ യാതൊന്നുമില്ല. താൻ പ്രവർത്തിച്ചത് താമസിയാതെ അവന് കാണിക്കപ്പെടുന്നതാണ്. അനന്തരം അവന് തികവോടെ പ്രതിഫലം നൽകപ്പെടുകയും ചെയ്യും.'' (53:38-41). ഇസ്‌ലാമിക വീക്ഷണത്തിൽ മനു ഷ്യർ തീർത്തും അസ്വതന്ത്രനോ കേവലം വിധിയുടെ കൈയിലെ പാവയോ ഉപകരണമോ അല്ലെന്ന് അവിടെ ഉദ്ധരിച്ചവയും അതുപോലെയുള്ളവുമായ നിരവധി ഖുർആൻ വാക്യങ്ങൾ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. തന്റെ ജീവിതമാർഗം തീരുമാനിക്കാനും തെരഞ്ഞെടുക്കാനും ഓരോരുത്തർക്കും അനുവാദവും സ്വാതന്ത്ര്യവും നൽകപ്പെട്ടിട്ടുണ്ട്. സൻമാർഗ്ഗം സ്വീകരിച്ച് നല്ല വരായി ജീവിക്കാൻ തീരുമാനിച്ച ആരെയും അല്ലാഹു നിർബന്ധിച്ച് ദുർമാർഗി യാക്കുകയില്ല. മറിച്ചും അവ്വിധം തന്നെ.

മനുഷ്യന്ന് നൽകപ്പെട്ട സ്വാതന്ത്ര്യത്തിനും സാധ്യതക്കുമപ്പുറമൊരു കാര്യവും ദൈവം മനുഷ്യന്നോടാവശ്യപ്പെടുകയോ ആജ്ഞാപിക്കുകയോ ചെയ്യുന്നില്ല. ''അല്ലാഹു ആരോടും അവന്റെ കഴിവിന്നതീതമായത് കൽപി ക്കുകയില്ല. ഓരോരുത്തരും പ്രവർത്തിച്ചതിനനുസരിച്ച രക്ഷയും ശിക്ഷയും അവർക്കുണ്ട്.'' (2:286)

മനുഷ്യന്റെ തീരുമാനങ്ങളും കർമങ്ങളും ദൈവത്തിന്റെ അറിവിന്നും വിധിക്കും വിധേയമല്ലേ? മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും ദൈവനിശ്ചയ ത്തെയും ബന്ധിപ്പിക്കുന്ന കണ്ണി ഏത്, എങ്ങനെ തുടങ്ങിയ ചോദ്യങ്ങളുന്ന

യിക്കപ്പെടാവുന്നതാണ്. എന്നാൽ മനുഷ്യനിവിടെ തന്റെ പരിധിയും പരിമിതിയും നന്നായി മനസ്സിലാക്കുകതന്നെ വേണം. അനന്തവിസ്തൃതമായ ഈ മഹാപ്രപഞ്ചത്തിലെ ഒരു കൊച്ചുഗോളമാണ് ഭൂമി. അതിലെ പരകോടി സൃഷ്ടികളിലൊന്നുമാത്രമാണ് മനുഷ്യർ. തന്നെയും താൻ ജീവിക്കുന്ന ഭൂമിയെയും അതുൾക്കൊള്ളുന്ന പ്രപഞ്ചത്തെയും സംബന്ധിച്ച അവന്റെ അറിവ് വളരെ പരിമിതമത്രെ. ഒരു സമുദായത്തിലെ വെള്ളവും അതിലെ ഒരു തുള്ളിയും താരതമ്യംചെയാതാൽ ആ ഒരു തുള്ളി വെള്ളത്തിനു സമാനമായ വിജ്ഞാനം പോലും മനുഷ്യനിന്നോളം നേടാനായിട്ടില്ല. ഈ പരിമിതജ്ഞാനത്തിന്റെ പരിധിയിൽനിന്ന് പ്രപഞ്ചസ്രഷ്ടാവായ ദൈവത്തെയും അവന്റെ കർമങ്ങളെയും സംബന്ധിച്ച് എല്ലാ നമുക്കറിയണമെന്ന് ശഠിക്കുന്നതിലൊട്ടും അർഥമില്ല. ദൈവവുമായി ബന്ധപ്പെട്ട എല്ലാ പഞ്ചേന്ദ്രിയങ്ങൾക്കും അവയുടെ പരിമിതികൾക്ക് വിധേയമായ മനുഷ്യബുദ്ധിക്കും ചിന്തയ്ക്കും അപ്രാപ്യമായ അഭൗതികജ്ഞാനത്തിൽപെട്ടവയാണ്. ദൈവദൂതൻമാരിലൂടെ ലഭ്യമായതിനപ്പുറം അതിനെക്കുറിച്ച് ആർക്കും ഒന്നുമറിയില്ല. ദൈവവിധിയുടെ സ്ഥിതിയും ഇതുതന്നെ. അതിനാൽ വേദഗ്രന്ഥത്തിലൂടെ ലഭ്യമായ ജ്ഞാനമനുസരിച്ച് ദൈവവിധിയും ജ്ഞാനവും പ്രപഞ്ചത്തെയും അതിലുള്ള സകലതിനെയും ചൂഴ്ന്നു നില്ക്കുന്നു. മനുഷ്യന്നും അതിന്നതീതനല്ല. അതേസമയം സ്വയം തീരുമാനമെടുക്കാനും അതനുസരിച്ച് ജീവിക്കാനും മനുഷ്യന് സ്വാതന്ത്ര്യവും സാധ്യതയും നൽകപ്പെട്ടിട്ടുണ്ട്. അത് അപരിമിതമോ അനിയന്ത്രിതമോ അല്ല. സ്വാതന്ത്ര്യം ലഭിച്ച മേഖലകളിൽ ദൈവത്തെ അനുസരിച്ച് അവൻ നിശ്ചയിച്ച ജീവിത പാത പിന്തുടരണമെന്ന് അവൻ അനുശാസിച്ചിരിക്കുന്നു. അങ്ങനെ ചെയ്യുന്നവർക്ക് ജീവിതവിജയവും പരലോകശിക്ഷയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ദൈവത്തെ ധിക്കരിക്കാനുള്ള സാധ്യതയും സ്വാതന്ത്ര്യവും മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്നവർക്ക് പരാജയവും പരലോകത്ത് കടുത്ത ശിക്ഷയുമാണുണ്ടാവുകയെന്ന് താക്കീത് നൽകുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ, ഓരോരുത്തർക്കും നൽപ്പെട്ട കഴിവിന്റെയും സ്വാതന്ത്ര്യത്തിന്റെയും തോതനുസരിച്ചാണ് അവരവരുടെ ബാധ്യത. അതിന്റെ നിർവഹണത്തിന്റെയും ലംഘനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും പരലോകത്തെ രക്ഷാശിക്ഷകൾ. അതിനാൽ അഭേദാനന്ദ സ്വാമി ആരോപിക്കുന്നപോലെ അനീതിയോ ക്രൂരതയോ കാരുണ്യരാഹിത്യമോ സംഭവിക്കുന്നില്ല. വിശുദ്ധ ഖുർആൻ പറയുന്നു: 'നിന്റെ നാഥൻ തന്റെ ദാസൻമാരോട് ഒട്ടും അനീതി കാണിക്കുന്നവനല്ല." (41:46)

''നിശ്ചയം, അല്ലാഹു മനുഷ്യരോട് ഒരിക്കലും അക്രമം പ്രവർത്തിക്കുന്നതല്ല. പ്രത്യുത, മനുഷ്യൻ സ്വയം തന്നെ അക്രമം പ്രവർത്തിക്കുകയാണ്" (10:44).

7. ഭൂമിയിലെ ഹ്രസ്വകാല ജീവിതത്തിന് സ്ഥിരമായ രക്ഷാശിക്ഷകൾ നൽകുന്നത് അനീതിയാണെന്നാണ് അഭേദാനന്ദസ്വാമിയുടെ മറ്റൊരാരോപണം.

യഥാർത്ഥത്തിൽ കർമങ്ങളുടെ സമയവും അവയുടെ ഫലവും തമ്മിൽ ഒരു ബന്ധവുമില്ല. ഒരാളെ കൊല്ലാൻ ഒരു നിമിഷം മതി. അതിന്റെ ഫലമോ ഏറെ ദീർഘവും അതിഗുരുതരവും. ഒരു ബോംബ് വർഷിക്കാൻ ഇത്തിരി നേരം മതി. അതിന്റെ പ്രത്യാഘാതമോ? ലക്ഷങ്ങളെയോ കോടികളെയോ

പതിറ്റാണ്ടുകളോ നൂറ്റാണ്ടുകളോ നീണ്ടുനിൽക്കുന്നവിധം ബാധിക്കുന്നു. ഇന്റർവ്യൂ വേളയിലെ ചോദ്യോത്തരത്തിന് നിമിഷങ്ങളുടെ ആവശ്യമേയുള്ളൂ. അതേ സമയം അതിന്റെ ഫലം ജീവിതാന്ത്യംവരെ തുടരുന്നു. പരീക്ഷയുടെയും അതിന്റെ ഫലത്തിന്റെയും അവസ്ഥയും ഇതുതന്നെ.

ഒരാളുടെ ജീവിതാന്ത്യത്തോടെ അയാളുടെ കർമഫലങ്ങൾ ഭൂമിയിൽ തന്നെ തീരുകയില്ല. ഒരാൾ ഒരു ഉന്നതവിദ്യാലയം സ്ഥാപിക്കുകയാണെങ്കിൽ അതിന്റെ സദ്ഫലം നൂറ്റാണ്ടുകളും സഹസ്രാബ്ദങ്ങളും നിലനിൽക്കുന്നു. അവിടെനിന്ന് പഠിക്കുന്ന കോടികളുമൊക്കെ അതിന്റെ ഗുണഭോക്താക്കളത്രെ. അവരുടെയൊക്കെ നന്മയുടെയും നേട്ടത്തിന്റെയും സദ്ഫലം വിദ്യാലയം സ്ഥാപിച്ച വ്യക്തിക്ക് ലഭിക്കുന്നു. ഒരു തിന്മ ആരെയെല്ലാം സ്വാധീനിക്കുന്നുവോ അവരുടെയും അവരിലൂടെ സ്വാധീനിക്കപ്പെടുന്നവരുടെയും പിന്നീട് സ്വാധീനിക്കപ്പെട്ടവരാൽ സ്വാധീനിക്കപ്പെടുന്നുവരുടെയെല്ലം തിന്മകളുടെ ദുഷ്ഫലം തുടക്കക്കാരനിലേക്ക് ചെന്നെത്തുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും ബോംബ് വർഷിച്ചത് ചുരുങ്ങിയ സമയംകൊണ്ടാണ്. അത് സൃഷ്ടിച്ച ദുരന്തമോ ഇന്നും അവിരാമം തുടരുന്നു.

കാലദൈർഘ്യമോ ആയുസ്സിന്റെ നീളമോ നല്ലവനെ കൊള്ളരുതാത്തവനോ നീചനോ ഉൽകൃഷ്ടനോ ആക്കുകയില്ല. അതിനാൽ കർമങ്ങൾക്കെടുക്കുന്ന സമയവും കർമഫലവും തമ്മിൽ ഒരു ബന്ധവുമില്ല. മനുഷ്യൻ മരിച്ചാലും അവന്റെ കർമഫലമിവിടെ അവിരാമം തുടരും. കർമം നന്മയാണെങ്കിൽ ദുഷ്ഫലവും. അതുകൊണ്ടുതന്നെ ആരുടെ കർമഫലവും അവരുടെ ജീവിതകാലത്ത് തിട്ടപ്പെടുത്തുക സാധ്യമല്ല. വിചാരണയും വിധിയും രക്ഷാശിക്ഷകളും ഭൂമിയിൽവെച്ച് സംഭവിക്കാതിരിക്കാനുമുള്ള കാരണവും അതായിരിക്കാം. ഏതായാലും പരലോകത്തിലെ ശാശ്വതമായ രക്ഷാശിക്ഷകൾക്ക് ഭൂമിയിലെ ജീവിതകാലം തന്നെ ധാരാളമാണെന്ന് ഇതൊക്കെയും അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ദൈവം ആരോടും ഒട്ടും അനീതി ചെയ്യുന്നില്ല. പിന്നെ ദൈവം എന്ത്, എങ്ങന ചെയ്യണമെന്ന് അവന്റെ കോടാനുകോടി സൃഷ്ടികളിലൊന്നായ മനുഷ്യൻ ഇഛിക്കുകയും തീരുമാനിക്കുകയും പറയുകയും ചെയ്യുന്നതുപോലെയാവുകയില്ലല്ലോ.

# പരലോകം ഇസ്‌ലാമിക വീക്ഷണത്തിൽ

ഭൗതിക വിജ്ഞാനീയങ്ങൾതന്നെ വിവിധയിനമാണ്. അവ ഓരോന്നിന്റെയും വാതിൽ തുറക്കാൻ വ്യത്യസ്ത താക്കോലുകൾ വേണം. ഗണിതശാസ്ത്രം പഠിക്കാനുപയോഗിക്കുന്ന മാർഗവും മാനദണ്ഡവുമുപയോഗിച്ച് ശരീര ശാസ്ത്രം ഗ്രഹിക്കുക സാധ്യമല്ല. ഗണിതശാസ്ത്രത്തിന്റെ തന്നെ വിവിധ വശങ്ങൾക്ക് വ്യത്യസ്ത മാധ്യമങ്ങളാവശ്യമാണ്. ഒരു വൃത്തത്തിന് മുന്നൂറ്റി യറുപത് ഡിഗ്രിയാണെന്നും ത്രികോണത്തിന് നൂറ്റിയെൺപത് ഡിഗ്രിയാണെ ന്നുമുള്ള സങ്കൽപം സ്വീകരിക്കാതെ ക്ഷേത്രഗണിതം അഭ്യസിക്കാനാവില്ല. ബീജഗണിതത്തിന് ഭിന്നമായ മാനദണ്ഡം അനിവാര്യമത്രെ. ഗോളശാസ്ത്രം, ഭൂഗർഭശാസ്ത്രം, ഭൂമിശാസ്ത്രം, സസ്യശാസ്ത്രം പോലുള്ളവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം മാധ്യമങ്ങളാവശ്യമാണ്.

ഭൗതികവിദ്യയുടെ വിവിധ വശങ്ങൾക്ക് വ്യത്യസ്ത മാനദണ്ഡങ്ങൾ വേണമെന്നിരിക്കെ അഭൗതികജ്ഞാനം നേടാൻ തീർത്തും ഭിന്നമായ മാർഗം അനിവാര്യമത്രെ. ദൈവം, മരണാനന്തരജീവിതം, സ്വർഗം, നരകം, മാലാഖ, പിശാച് പോലുള്ളവയെപ്പറ്റി പഠിക്കാൻ മനുഷ്യന്റെ വശം ഒരു മാനദണ്ഡമോ മാർഗമോ ഇല്ല. ചരിത്രത്തിന്റെ വിവിധ ദശാസന്ധികളിൽ വ്യത്യസ്ത ദേശ ങ്ങളിൽ നിയോഗിതരായ ദൈവദൂതൻമാരിലൂടെ അവതീർണമായ ദിവ്യസ ന്ദേശങ്ങളല്ലാതെ, അഥവാ, ദിവ്യബോധനമാണ് അഭൗതികജ്ഞാനത്തിന്റെ ഏക മാധ്യമം.

ജന്മനാ അന്ധനായ മനുഷ്യനോട് നാം ഇലയുടെ നിറം പച്ചയും പാലിന്റെ നിറം വെളുപ്പും കാക്കയുടേത് കറുപ്പുമാണെന്നു പറഞ്ഞാൽ അയാൾക്കത് ഉൾക്കൊള്ളണമെങ്കിൽ പറയുന്ന ആളെ വിശ്വസിക്കുകയല്ലാതെ നിർവാഹ മില്ല. മറിച്ച് വർണത്തെക്കുറിച്ച് സംസാരിക്കുന്നവരെയൊക്കെ അന്ധനായ മനുഷ്യൻ അവിശ്വസിക്കുന്നുവെങ്കിൽ വിജ്ഞാനത്തിന്റെ ഒരു വലിയ ലോകം തന്നെ അയാൾക്ക് അന്യമായിരിക്കും. അപ്രകാരം തന്നെയാണ്, മനുഷ്യ രിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട, ജീവിതത്തിൽ ഒരിക്കലും കള്ളം പറഞ്ഞിട്ടി ല്ലാത്ത, ആരെയും ദ്രോഹിച്ചിട്ടില്ലാത്ത, സ്വഭാവം, പെരുമാറ്റം, സമീപനം, ജീവി തരീതി, പോലുള്ളവയാൽ തീർത്തും സവിശേഷരായ ദൈവദൂതന്മാരിലൂടെ ലഭ്യമായ ദിവ്യസന്ദേശത്തെ നിഷേധിക്കുന്നവരുടെ അവസ്ഥ. സത്യസന്ധത

ആരാലും ചോദ്യം ചെയ്യപ്പെടാത്തവരും ദൈവദൂതൻമാരെന്ന് സമകാലിക സമൂഹത്തിന് സുതരാം ബോധ്യമായവരുമായ ആ പ്രവാചകൻമാരെ അംഗീകരിക്കാത്തവർക്ക് അഭൗതികജ്ഞാനത്തിന്റെ വിശാലമായ ലോകം എന്നും അന്യമായിരിക്കും.

അതോടൊപ്പം ഒരു കാര്യംകൂടി നാം ഗ്രഹിക്കേണ്ടതുണ്ട്. നിലവിലുള്ള അവസ്ഥയിൽനിന്നുകൊണ്ട് നാം മനസ്സിലാക്കുന്നതാണ് യഥാർഥ വസ്തുതയെന്ന് ധരിക്കുന്നത് ശരിയല്ല. ഉപകരണമേതുമില്ലാതെ നിഴലിനെ നോക്കുമ്പോൾ അത് തീർത്തും നിശ്ചലമാണെന്ന് നമുക്കു തോന്നുക. എന്നാൽ നിഴലിന് സദാ നേരിയ ചലനമുണ്ടല്ലോ. മരീചിക വെള്ളമാണെന്ന് കരുതാറുണ്ട്. അടുത്തെത്തുമ്പോഴാണ് സത്യം ബോധ്യമാവുക. നിദ്രാവേളയിൽ സ്വപ്നത്തിൽ കാണുന്ന കാര്യങ്ങൾ യാഥാർത്ഥ്യമെന്നാണ് നമുക്ക് അപ്പോൾ തോന്നുക. ഉണരുന്നതോടെ മറിച്ച് അനുഭവപ്പെടുന്നു. അതിനാൽ പഞ്ചേന്ദ്രിയങ്ങൾ മാത്രമുള്ള നമുക്ക് മനസ്സിലാക്കാനാവത്ത പലതും ദിവ്യബോധനമാകുന്ന അറിവിന്റെ ആറാം സ്രോതസ്സ് തുറന്നുകിട്ടുന്ന ദൈവദൂതൻമാർക്ക് ഗ്രഹിക്കാൻ കഴിയും. സ്വപ്നം കാണുന്നവർ അപ്പോൾ പറയുന്ന കാര്യങ്ങൾക്കപ്പുറമാണ് വസ്തുതയെന്ന് ഉണർന്നിരിക്കുന്നവർ അറിയുന്നതുപോലെ ഇന്ദ്രിബന്ധിതമായ മനുഷ്യൻ കാണുന്നതിനപ്പുറമാണ് സത്യമെന്ന് ദൈവദൂതന്മാരറിയുന്നു. അവരത് സമൂഹത്തെ അറിയിക്കുകയും ചെയ്യുന്നു. അഭൗതിക ജ്ഞാനത്തിന്റെ പിഴവു പറ്റാത്ത ഏകാവലംബം അതു മാത്രമത്രെ.

അതിനാൽ ദിവ്യബോധനത്തിലൂടെ പ്രവാചകൻമാർക്ക് ലഭ്യമായതിനപ്പുറം അഭൗതിക കാര്യങ്ങളെക്കുറിച്ച് ആർക്കും ഒന്നുമറിയില്ല. അതുകൊണ്ടുതന്നെ, മരണാനന്തരജീവിതം, സ്വർഗം, നരകം പോലുള്ളവ പഞ്ചേന്ദ്രിയങ്ങളുടെ അന്വേഷണങ്ങൾക്കും ശാസ്ത്രീയ പഠനങ്ങൾക്കും തീർത്തും അതീതമാണ്. മരണാതിർത്തിക്കപ്പുറം എത്തിനോക്കാവുന്ന കണ്ണുകളോ അവിടത്തെ ശബ്ദം കേൾക്കാവുന്ന കാതുകളോ ആർക്കുമില്ലല്ലോ. മരണാനന്തര സ്ഥിതി നിരീക്ഷിക്കാനുള്ള ഉപകരണവും ആരുടെയും വശമില്ല. അതിനാൽ മരണാനന്തരജീവിതത്തെ സംബന്ധിച്ച ഏതൊരന്വേഷണവും ശാസ്ത്രത്തിന്റെ പരിധിക്കുപുറത്താണ്. ഭൗതികലോകത്തെ വിജ്ഞാനസമ്പാദന മാനദണ്ഡങ്ങൾക്കും മാധ്യമങ്ങൾക്കും അതീതവും. ദൈവം തന്റെ ദൂതൻമാരിലൂടെ മരണാനന്തരജീവിതത്തെ സംബന്ധിച്ചും സ്വർഗ-നരകങ്ങളെപ്പറ്റിയും നിരന്തരം ഉദ്ബോധിപ്പിക്കാനുള്ള കാരണവും അതുതന്നെ.

## നീതിയുടെ തേട്ടം

പ്രകൃതിനിയമമനുസരിച്ച് മനുഷ്യപ്രവർത്തനങ്ങളുടെ ഭൗതികഫലം ഭൂമിയിൽ വച്ചുതന്നെ പ്രകടമാകും. വെള്ളം കുടിച്ചാൽ ദാഹം ശമിക്കും. വിഷം കഴിച്ചാൽ മരണം സംഭവിക്കും. അടികൊണ്ടാൽ വേദനിക്കും, തീ തൊട്ടാൽ പൊള്ളലേൽക്കും. എന്നാൽ കർമങ്ങളുടെ ധാർമികഫലം ഒരിക്കലും ഇവിടെ വെച്ചുണ്ടാവുകയില്ല. അതുകൊണ്ടുതന്നെ ഭൂമിയിലൊരിക്കലും നിഷ്കൃഷ്ടമായ നീതി പുലരുകയില്ല.

മനുഷ്യരെല്ലാം മരണത്തിലൂടെ ഇവിടെനിന്ന് അപ്രത്യക്ഷമാവുന്നു. തങ്ങളുടെ കർമങ്ങളുടെ ധാർമികഫലം ഏറ്റുവാങ്ങിക്കൊണ്ടല്ല ആരും മരണമടയുന്നത്. അനേകായിരം മനുഷ്യരെ കൊന്ന കൊലയാളികളും കൊടുംക്രൂ

രൻമാരും ഈ ലോകത്തുണ്ടായിട്ടുണ്ട്. അവർക്കൊന്നും അർഹമായ ശിക്ഷ നൽകാനാർക്കും കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. ഒരാളെ കൊന്നാൽ നമുക്ക് പരമാവധി സാധിക്കുക കൊലയാളിയെ കൊല്ലാനാണ്. പക്ഷെ നാമങ്ങനെ ചെയ്യുന്നതുകൊണ്ടുമാത്രം നീതി സ്ഥാപിതമാവുകയില്ല. ഘാതകനെ വധിക്കുന്നതുകൊണ്ട് കൊല്ലപ്പെട്ടവന്റെ കൊല്ലപ്പെട്ടവന്റെ വിധവയുടെയും അനാഥമക്കളുടെയും പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കപ്പെടുകയില്ലല്ലൊ. അവർക്ക് ഭർത്താവിനെയും പിതാവിനെയും തിരിച്ചുകിട്ടുകയുമില്ല. എന്നിട്ടും നീതിന്യായ കോടതികളും നിയമന നടപടികളും വേണ്ടിവരുന്നത് ഭൂമിയിൽ സമാധാനം സ്ഥാപിക്കാൻ അനിവാര്യമായതിനാലാണ്.

നീതി പുലരണമെന്ന് ഏവരും ആഗ്രഹിക്കുന്നു. അതോടൊപ്പം അത് തീർത്തുമിവിടെ അപ്രാപ്യമായി നിലകൊള്ളുകയും ചെയ്യുന്നു. തിന്മ ചെയ്തവർ ശിക്ഷയോ നന്മചെയ്തവർ ഏറ്റുവാങ്ങിക്കൊണ്ടല്ല ഈ ലോകത്തോട് വിട പറയുന്നത്. അത് രണ്ടും കിട്ടണമെന്ന് കൊതിച്ചുകൊണ്ടിരിക്കെത്തന്നെ, അത് നടക്കാതെ മനുഷ്യജീവിതം ഇവിടെ ഒടുങ്ങുകയാണ്. അത്യന്തം അത്ഭുതകരമായ ഒരു സൃഷ്ടി സംവിധാനത്തിന്റെ പര്യവസാനം ഇവ്വിധം അന്ധവും അനീതിപരവും ക്രൂരവും അർഥശൂന്യവുമാവുക സാധ്യമേയല്ല. അതുകൊണ്ടുതന്നെ മനുഷ്യന്റെ കർമഫലം നികൃഷ്ടമായി ലഭ്യമാവുന്ന ഒരു പരലോകം അനിവാര്യമാണ്. അത് നീതി കൊതിക്കുന്ന മാനവമനസ്സിന്റെ തേട്ടമത്രെ.

ഇല്ലായ്മയിൽനിന്ന് പ്രപഞ്ചത്തെയും മനുഷ്യനുൾപ്പെടെ അതിലുള്ള സർവതിനെയും വളരെ ആസൂത്രിതമായും വ്യവസ്ഥാപിതമായും കൃത്യമായും കണിശമായും സൃഷ്ടിച്ച ദൈവത്തിന് മനുഷ്യന്റെ പുനഃസൃഷ്ടി ഒട്ടും പ്രയാസകരമോ അസാധ്യമോ അല്ല. അതുകൊണ്ടുതന്നെ മരണശേഷം മറുലോകത്ത് മനുഷ്യരെല്ലാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുമെന്നതും ഭൂമിയിലെ കർമങ്ങളുടെ ഫലം അവിടെവെച്ച് അനുഭവിക്കേണ്ടിവരുമെന്നതും സംശയാതീതമത്രെ. ഇക്കാര്യം വിശുദ്ധഖുർആൻ ഇങ്ങനെ വിശദീകരിക്കുന്നു:

''അവർ ചോദിക്കുന്നു: ഞങ്ങൾ കേവലം അസ്ഥികളും മണ്ണുമായിത്തീർന്നാൽ പിന്നെ വീണ്ടും പുതിയ സൃഷ്ടിയായി എഴുന്നേൽപ്പിക്കപ്പെടുമെന്നോ? അവരോട് പറയുക: നിങ്ങൾ കല്ലോ തുരുമ്പോ ആയിക്കൊള്ളുക: അല്ലെങ്കിൽ ജീവനുൾക്കൊള്ളാൻ തീരെ അസാധ്യമായതെന്ന് നിങ്ങൾക്കു തോന്നുന്ന മറ്റെന്തെങ്കിലും കടുത്ത സൃഷ്ടിയായിക്കൊള്ളുക. എന്നാലും നിങ്ങൾ എഴുന്നേൽപ്പിക്കപ്പെടും. അവർ തീർച്ചയായും ചോദിക്കും: ആരാണ് ഞങ്ങളെ വീണ്ടും ജീവിതത്തിലേക്ക് മടങ്ങുക? പറയുക: ആദ്യതവണ സൃഷ്ടിച്ചവനാരോ അവൻതന്നെ. അവർ തലയിളക്കി പരിഹാസത്തോടെ ചോദിക്കും: ഓഹോ അതെപ്പോഴാണുണ്ടാവുക? പറയുക: അത്ഭുതമെന്ത്? അടുത്തുതന്നെ അത് സംഭവിച്ചേക്കാം. ദൈവം നിങ്ങളെ വിളിക്കുന്ന നാളിൽ അതിനുത്തരമായി നിങ്ങളവനെ സ്തുതിച്ചുകൊണ്ട് പുറപ്പെട്ടുവരും. ഞങ്ങൾ അൽപനേരം മാത്രമേ ഈ അവസ്ഥയിൽ കഴിഞ്ഞിട്ടുള്ളൂ എന്നായിരിക്കും. അന്നേരം നിങ്ങളുടെ തോന്നൽ'' (17:49-52).

''ഞങ്ങൾ കേവലം അസ്ഥികളും മണ്ണുമായിക്കഴിഞ്ഞശേഷം പുതിയ സൃഷ്ടിയായി വീണ്ടും എഴുന്നേൽപിക്കപ്പെടുകയോ എന്ന് ചോദിച്ചതിനുള്ള പ്രതിഫലമാണിത്. ഭൂലോകത്തെയും വാനലോകങ്ങളെയും സൃഷ്ടിച്ച അല്ലാഹുവിന് ഇവരെപ്പോലുള്ളവരെയും സൃഷ്ടിക്കാൻ തീർച്ചയായും കഴിവു

ണ്ടെന്ന് ഇവർക്ക് മനസ്സിലായിട്ടില്ലേ? അവരെ പുനരുജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതിന് അവനൊരു സമയം നിർണയിച്ചുവച്ചിട്ടുണ്ട്. അതുണ്ടാവുമെന്നതിൽ സംശയമില്ല. പക്ഷേ, അതിനെ ധിക്കരിക്കുക തന്നെ വേണമെന്ന് നിഷേധികൾക്ക് ശാഠ്യമുണ്ട്." (17:98-99)

''നിങ്ങൾ ലോകരെയെല്ലാം സൃഷ്ടിക്കുകയും പിന്നെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയെന്നത് അവന് ഒരു ജീവിയെ സൃഷ്ടിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതുപോലെയേ ഉള്ളൂ:" (31:28). ''സത്യനിഷേധികൾ വലിയ വാദമായി ഉന്നയിച്ചു, മരണാനന്തരം തങ്ങളൊരിക്കലും പുനരുജ്ജീവിപ്പിക്കപ്പെടുകയില്ലെന്ന്. അവരോടു പറയുക: അല്ല, എന്റെ നാഥനാണ് സത്യം. നിങ്ങൾ തീർച്ചയായും പുനരുജ്ജീവിക്കപ്പെടുകതന്നെ ചെയ്യും. അങ്ങനെയെങ്കിൽ അല്ലാഹുവിന് തീർത്തും അനായാസകരമത്രെ" (64:7).

''ആകാശഭൂമികളെ സൃഷ്ടിച്ചവനും അവയുടെ സൃഷ്ടിയാൽ ക്ഷീണിക്കാത്തവനുമായ അല്ലാഹു തീർച്ചയായും മരിച്ചവനെ ജീവിപ്പിക്കാൻ കഴിവുള്ളവനാണെന്ന കാര്യം ഈ ജനത്തിന് മനസ്സിലായില്ലെന്നോ? എന്തുകൊണ്ടില്ല? നിശ്ചയം, അവൻ സകല സംഗതികൾക്കും കഴിവുള്ളവനാകുന്നു." (46 :33) ''അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലൊന്ന് ഇതാകുന്നു: എന്തെന്നാൽ ഭൂമിയെ ചൈതന്യമറ്റു കിടക്കുന്നതായി നീ കാണുന്നു. പിന്നെ നാമതിൽ മഴ വർഷിച്ചാലോ, പെട്ടെന്നതാ, അത് ചലനം കൊള്ളുകയും വളർന്നുവികസിക്കുകയും ചെയ്യുന്നു. നിശ്ചയം, ഈ മാതൃഭൂമിയെ സജീവമാക്കിയതാരോ, അവൻ മരിച്ചുപോയവരെയും ജീവിപ്പിക്കുന്നവനാകുന്നു. അവൻ സകലസംഗതികൾക്കും കഴിവുറ്റവനല്ലല്ലോ." (41:39) ''മനുഷ്യൻ വിചാരിക്കുന്നുവോ, അവന്റെ അസ്ഥികളെ സംഘടിപ്പിക്കാൻ നമുക്കാവില്ലെന്ന്. എന്തുകൊണ്ടാവില്ല? നാവിന്റെ വിരൽത്തുമ്പുവരെ കൃത്യമായി നിർമിക്കാൻ കഴിവുള്ളവനല്ലോ''(75:3-4).

അത്യത്ഭുതകരമാംവിധം ഈ പ്രപഞ്ചത്തെയും അതിലുള്ളവയെയും സൃഷ്ടിച്ച സർവശക്തനായ ദൈവത്തിന് മനുഷ്യന്റെ പുനഃസൃഷ്ടി ഒട്ടും പ്രയാസകരമായ കാര്യമല്ല. അതിനാൽ യഹൂദ, ക്രൈസ്തവ, ഇസ്‌ലാമിക, ഹൈന്ദവ, സൊരാഷ്ട്രിയൻ ദർശനങ്ങളെല്ലാം വ്യക്തമാക്കുന്നപോലെ മനുഷ്യരെല്ലാം ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും ഭൂമിയിലെ കർമങ്ങളുടെ നീതിയുക്തമായ ഫലം അനുഭവിക്കുകയും ചെയ്യും. സുകർമികൾ സ്വർഗാവകാശികളുമായിത്തീരും; തീർച്ച. എന്നാൽ സ്വർഗനഗരങ്ങൾ എവ്വിധമായിരിക്കുമെന്നോ അവിടത്തെ രക്ഷാശിക്ഷകൾ എങ്ങനെയായിരിക്കുമെന്നോ സൂക്ഷ്മമായി ആർക്കുമറിയുകയുമില്ല. പദാർഥനിഷ്ഠമായ ഭൗതിക പ്രപഞ്ചത്തിൽനിന്നുകൊണ്ട്, അതിന്റെ ഭാഗമായ മനുഷ്യന് തീർത്തും അഭൗതികമായ സ്വർഗനരകങ്ങളെക്കുറിച്ച് മനസ്സിലാക്കാനാവില്ല. അവയെക്കുറിച്ച വേദഗ്രന്ഥങ്ങളിലെ പരാമർശങ്ങൾ പോലും മനുഷ്യന്റെ ഭാഷയിൽ അവന്റെ പരിധിയിൽനിന്ന് ഗ്രഹിക്കാവുന്ന ചില സൂചനകൾ മാത്രമത്രെ. അതിനാലാണ് പരലോകത്തിലെ അവസ്ഥ ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതും ഒരു മനസ്സും ആലോചിക്കാത്തതുമായിരുക്കുമെന്ന് മതം ഊന്നിപ്പറഞ്ഞത്. ഏതായിരുന്നാലും സ്വർഗം സുഖസൗകര്യങ്ങളുടെയും നരകം കൊടിശിക്ഷകളുടെയും പാരമ്യതയിലായിരിക്കുമെന്നതിൽ സംശയമില്ല. മതങ്ങളൊക്കെയും ഇക്കാര്യം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.